ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ഡിസൈനുകൾ ആക്റ്റ്, 2000
# (2000-ലെ 16-ാം നമ്പർ ആക്റ്റ്)

(2006 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE DESIGNS ACT, 2000
# (ACT No. 16 OF 2000)

(As on 30th March, 2006)

വില : രൂപ 41.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2006.

# ആമുഖം

2006 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഡിസൈനുകൾ ആക്റ്റ്, 2000 (2000-ലെ 16-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2006 ജൂലൈ 17-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 16 മുതൽ 35 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

# PREFACE

This Edition of the Designs Act, 2000 (Act 16 of 2000) as on 30th March, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 1, dated 17th July, 2006 on pages 16 to 35.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

3/3830/2006/DTP.-(2)

# ഡിസൈനുകൾ ആക്റ്റ്, 2000

(2000-ലെ 16-ാം ആക്റ്റ്)

## ഉള്ളടക്കം

അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകൾ | | | പേജ് |
|---|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | .. | 1 |
| 2. | നിർവചനങ്ങൾ | .. | 1 |


അദ്ധ്യായം II

### ഡിസൈനുകളുടെ രജിസ്ട്രേഷൻ


| | | | |
|---|---|---|---|
| 3. | കൺട്രോളറും മറ്റു ആഫീസർമാരും | .. | 2 |
| 4. | ചില ഡിസൈനുകളുടെ രജിസ്ട്രേഷന്റെ നിരോധനം | .. | 3 |
| 5. | ഡിസൈനുകളുടെ രജിസ്ട്രേഷനുകളുടെ അപേക്ഷ | .. | 3 |
| 6. | രജിസ്ട്രേഷൻ പ്രത്യേക സാധനത്തെ സംബന്ധിച്ച് ആയിരിക്കണമെന്ന് | .. | 3 |
| 7. | രജിസ്റ്റർ ചെയ്യപ്പെട്ട ഡിസൈനുകളുടെ വിവരങ്ങളുടെ പ്രസിദ്ധപ്പെടുത്തൽ | .. | 4 |
| 8. | അപേക്ഷ മുതലായവയുടെ പകരം ചേർക്കൽ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാനുള്ള കൺട്രോളറുടെ അധികാരം | .. | 4 |
| 9. | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് | .. | 5 |
| 10. | ഡിസൈനുകളുടെ രജിസ്റ്റർ | .. | 5 |


അദ്ധ്യായം III

### രജിസ്റ്റർ ചെയ്ത ഡിസൈനുകളിലുള്ള പകർപ്പവകാശം


| | | | |
|---|---|---|---|
| 11. | രജിസ്ട്രേഷന്മേലുള്ള പകർപ്പവകാശം | .. | 6 |
| 12. | ലാപ്സായ ഡിസൈനുകളുടെ പുനഃസ്ഥാപിക്കൽ | .. | 6 |
| 13. | ലാപ്സായ ഡിസൈനുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷകളുടെ തീർപ്പാക്കലിനുള്ള നടപടിക്രമം | .. | 6 |
| 14. | പുനഃസ്ഥാപിക്കപ്പെട്ട ലാപ്സായ ഡിസൈനിന്റെ ഉടമസ്ഥനുള്ള അവകാശങ്ങൾ | .. | 6 |
| 15. | വിൽപ്പനയിന്മേൽ ഏൽപ്പിച്ചുകൊടുക്കുന്നതിനുമുമ്പുള്ള ആവശ്യകതകൾ | .. | 7 |
| 16. | പകർപ്പവകാശത്തിൻമേൽ വെളിപ്പെടുത്തലിന്റെ പ്രഭാവം | .. | 7 |
| 17. | രജിസ്റ്റേർഡ് ഡിസൈനുകളുടെ പരിശോധന | .. | 7 |
| 18. | പകർപ്പവകാശത്തിന്റെ നിലനിൽപ്പ് സംബന്ധിച്ച വിവരം | .. | 7 |
| 19. | രജിസ്ട്രേഷൻ റദ്ദാക്കൽ | .. | 8 |
| 20. | ഡിസൈനുകൾ സർക്കാരിനെ ബാധിക്കുമെന്ന് | .. | 8 |

## അദ്ധ്യായം IV

## വ്യാവസായികവും അന്തർദ്ദേശീയവുമായ പ്രദർശനങ്ങൾ

21. പ്രദർശനങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ .. 8

## അദ്ധ്യായം V

## നിയമ നടപടികൾ

22. രജിസ്റ്റേർഡ് ഡിസൈനിന്റെ മോഷണം .. 9
23. പേറ്റൻറുകളെ സംബന്ധിക്കുന്ന ആക്റ്റിലെ ചില വ്യവസ്ഥകൾ ഡിസൈനുകൾക്ക് ബാധകമാക്കൽ .. 10

## അദ്ധ്യായം VI

## സാമാന്യം

### ഫീസ്

24. ഫീസ് .. 10
25. ട്രസ്റ്റിന്റെ നോട്ടീസ് രജിസ്റ്ററുകളിൽ ചേർക്കേണ്ടതില്ലെന്ന് .. 10
26. രജിസ്റ്ററുകളുടെയും രജിസ്റ്ററുകളിൽ നിന്നുള്ള എക്സ്ട്രാക്റ്റുകളുടെയും പരിശോധന .. 10
27. കൺട്രോളറുടെ റിപ്പോർട്ടുകളുടെ വിശേഷാവകാശം .. 10
28. അപേക്ഷ ഉപേക്ഷിക്കപ്പെടുക, മുതലായവ ചെയ്യുന്നിടത്ത്, വിനിർദ്ദേശീകരണം, രേഖാചിത്രീകരണങ്ങൾ മുതലായവയുടെ നിരോധനവും പ്രസിദ്ധപ്പെടുത്തലും .. 10
29. കൈത്തെറ്റുകൾ തിരുത്തുന്നതിനുള്ള കൺട്രോളറുടെ അധികാരം .. 11
30. രജിസ്റ്ററുകളിൽ തീറും പ്രേക്ഷണങ്ങളും ചേർക്കൽ .. 11
31. രജിസ്റ്ററിലെ തിരുത്തൽ .. 12

## അദ്ധ്യായം VII

## കൺട്രോളറുടെ അധികാരങ്ങളും കർത്തവ്യങ്ങളും

32. ആക്റ്റ് പ്രകാരമുള്ള നടപടികളിൽ കൺട്രോളറുടെ അധികാരങ്ങൾ .. 12
33. കൺട്രോളറുടെ വിവേചനാധികാരത്തിന്റെ വിനിയോഗം .. 12

| | | | |
|---|---|---|---|
| 34. | കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കൺട്രോളർക്കുള്ള അധികാരം | .. | 12 |
| 35. | ചില സംഗതികളിൽ ഒരു ഡിസൈൻ രജിസ്ററർ ചെയ്യുന്നത് നിരസിക്കൽ | .. | 12 |
| 36. | ഹൈക്കോടതിയിലേക്കുള്ള അപ്പീലുകൾ | .. | 13 |


അദ്ധ്യായം VIII

## തെളിവ്, മുതലായവ


| | | | |
|---|---|---|---|
| 37. | കൺട്രോളർ മുമ്പാകെ തെളിവ് | .. | 13 |
| 38. | കൺട്രോളറുടെ സർട്ടിഫിക്കറ്റ് തെളിവ് ആയിരിക്കുമെന്ന് | .. | 13 |
| 39. | പേറ്റന്റ് ആഫീസിലെ രേഖകളുടെ തെളിവ് | .. | 13 |
| 40. | തപാൽമാർഗ്ഗമുള്ള നോട്ടീസുകളും അപേക്ഷകളും | .. | 14 |
| 41. | ശിശു, ചിത്തഭ്രമമുള്ള ആൾ മുതലായവരുടെ പ്രഖ്യാപനം | .. | 14 |
| 42. | ചില നിയന്ത്രിത ഉപാധികൾ ഒഴിവാക്കൽ | .. | 14 |


അദ്ധ്യായം IX

## ഏജൻസി


| | | | |
|---|---|---|---|
| 43. | ഏജൻസി | .. | 15 |


അദ്ധ്യായം X

## കേന്ദ്രസർക്കാരിന്റെ അധികാരങ്ങൾ, മുതലായവ


| | | | |
|---|---|---|---|
| 44. | യുണൈറ്റഡ് കിംഗ്ഡവുമായുള്ള മറ്റ് ഉടമ്പടി രാഷ്ട്രങ്ങളോ രാഷ്ട്രസമൂഹമോ അന്തർ-സർക്കാർ സംഘടനകളോ എന്നിവയുമായും ഉള്ള പരസ്പരക്രമീകരണം | .. | 15 |
| 45. | കൺട്രോളറുടെ റിപ്പോർട്ട് പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് | .. | 17 |
| 46. | ഭാരതത്തിന്റെ സുരക്ഷിതത്വ സംരക്ഷണം | .. | 17 |
| 47. | ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം | .. | 17 |


അദ്ധ്യായം XI

## റദ്ദാക്കലും ഒഴിവാക്കലും


| | | | |
|---|---|---|---|
| 48. | റദ്ദാക്കലും ഒഴിവാക്കലും | .. | 19 |

# ഡിസൈനുകൾ ആക്റ്റ്, 2000

(2000-ലെ 16-ാം നമ്പർ ആക്റ്റ്)

[2000 മേയ്, 25]

ഡിസൈനുകളുടെ സംരക്ഷണം സംബന്ധിച്ച നിയമം സഞ്ചയിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും ഉള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയൊന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. *ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*—(1) ഈ ആക്റ്റിന് ഡിസൈനുകൾ ആക്റ്റ്, 2000 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിൽ[1] പ്രാബല്യത്തിൽവരുന്നതും, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കപ്പെടാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഈ ആക്റ്റിന്റെ പ്രാരംഭം എന്ന ഏതെങ്കിലും പരാമർശത്തിന്, ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്ന ഒരു പരാമർശമായി അർത്ഥം കല്പിക്കേണ്ടതുമാകുന്നു.

2. *നിർവചനങ്ങൾ.*—ഈ ആക്റ്റിൽ, വിഷയത്തിലോ, സന്ദർഭത്തിലോ വിരുദ്ധമായി യാതൊന്നും ഉണ്ടാകാത്തപക്ഷം,—

(ക) "സാധനം" എന്നാൽ ഏതെങ്കിലും നിർമ്മിത സാധനവും, കൃത്രിമമായതോ അല്ലെങ്കിൽ ഭാഗികമായി കൃത്രിമമായതും ഭാഗികമായി പ്രകൃതിദത്തമായതും ആയ ഏതെങ്കിലും പദാർത്ഥം എന്നർത്ഥമാകുന്നതും; വെവ്വേറെ ഉണ്ടാക്കുന്നതിനോ വിൽക്കുന്നതിനോ സാദ്ധ്യമായ ഒരു സാധനത്തിന്റെ ഏതെങ്കിലും ഭാഗം ഉൾപ്പെടുന്നതുമാകുന്നു ;

(ഖ) "കൺട്രോളർ" എന്നാൽ 3-ാം വകുപ്പിൽ പരാമർശിക്കുന്ന പേറ്റന്റുകളുടെയും ഡിസൈനുകളുടെയും വ്യാപാരമുദ്രകളുടെയും കൺട്രോളർ-ജനറൽ എന്നർത്ഥമാകുന്നു ;

(ഗ) "പകർപ്പവകാശം" എന്നാൽ ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും വിഭാഗത്തിലെ ഏതെങ്കിലും സാധനത്തിന് ഒരു ഡിസൈൻ പ്രയോഗിക്കുന്നതിനുള്ള അനന്യ അവകാശം എന്നർത്ഥമാകുന്നു ;

(ഘ) "ഡിസൈൻ" എന്നാൽ വെവ്വേറെയുള്ളതോ സംയോജിപ്പിച്ചുകൊണ്ടുള്ളതോ ആയ കായികമോ യാന്ത്രികമോ രാസപരമോ ആയ ഏതെങ്കിലും വ്യാവസായിക പ്രക്രിയയോ മാർഗ്ഗങ്ങളോവഴി പൂർത്തിയാക്കിയ സാധനത്തിൽ കണ്ണിന് ആകർഷകവും കണ്ണുകൊണ്ട് മാത്രം മതിക്കാവുന്നതും ഏതെങ്കിലും സാധനത്തിൽ ദ്വിമാനത്തിലോ ത്രിമാനത്തിലോ അല്ലെങ്കിൽ രണ്ടുരൂപങ്ങളിലോ പ്രയോഗിക്കുന്നതുമായ ആകൃതിയുടെയോ സ്വരൂപത്തിന്റെയോ മാതൃകയുടെയോ അലങ്കാരത്തിന്റെയോ വിശേഷലക്ഷണങ്ങൾ എന്നർത്ഥമാകുന്നതും, എന്നാൽ നിർമ്മാണത്തിന്റെ ഏതെങ്കിലും രീതിയോ തത്വമോ അല്ലെങ്കിൽ യന്ത്രനിർമ്മിത രൂപത്തിലുള്ള ഏതെങ്കിലും വെറും ഒരടയാളം ഉൾപ്പെടാത്തതും, വ്യാപാരവും ചരക്കും മുദ്രകൾ ആക്റ്റ്, 1958 (1958-ലെ 43)-ലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (V)-ാം ഖണ്ഡത്തിൽ നിർവചിച്ചിരിക്കുന്ന ഏതെങ്കിലും വ്യാപാരമുദ്ര ഉൾപ്പെടാത്തതും അല്ലെങ്കിൽ ഇൻഡ്യൻ ശിക്ഷാനിയമം, 1860 (1860-ലെ 45)-ലെ 479-ാം വകുപ്പിൽ നിർവചിച്ചിരിക്കുന്ന പ്രകാരമുള്ള വസ്തു മുദ്ര അല്ലെങ്കിൽ പകർപ്പവകാശ ആക്റ്റ്, 1957 (1957-ലെ 14)-ലെ 2-ാം വകുപ്പ് (ഗ) ഖണ്ഡത്തിൽ നിർവചിച്ചിരിക്കുന്ന പ്രകാരമുള്ള ഏതെങ്കിലും കലാസൃഷ്ടിയോ ഉൾപ്പെടാത്തതും ആകുന്നു ;

---

[1] 11-5-2001-ലെ വിജ്ഞാപനം നമ്പർ എസ്. ഒ. 414 (ങ) പ്രകാരം 2001 മേയ് മാസം 11-ാം തീയതി പ്രാബല്യത്തിൽ വന്നു.

(ങ) "ഹൈക്കോടതി"-ക്ക് പേറ്റന്റ്സ് ആക്റ്റ്, 1970 (1970-ലെ 39)-ലെ 2-ാം വകുപ്പ് (ഝ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ച) "നിയമാനുസൃത പ്രതിനിധി" എന്നാൽ മരിച്ചുപോയ ഒരാളുടെ സ്വത്തിനെ നിയമപ്രകാരം പ്രതിനിധീകരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു ;

(ഛ) "അസ്സൽ" ഒരു ഡിസൈൻ സംബന്ധിച്ച് അങ്ങനെയുള്ള ഡിസൈനിന്റെ രചയിതാവിൽനിന്നും രൂപപ്പെടുന്നത് എന്നർത്ഥമാകുന്നതും പഴയതാണെങ്കിൽത്തന്നെയും പ്രയോഗത്തിൽ ഇപ്പോഴും പുതിയതുമായ സംഗതികളും ഉൾപ്പെടുന്നതുമാകുന്നു ;

(ജ) "പേറ്റന്റ് ആഫീസ്" എന്നാൽ പേറ്റന്റുകൾ ആക്റ്റ്, 1970 (1970-ലെ 39)-ലെ 74-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന പേറ്റന്റ് ആഫീസ് എന്നർത്ഥമാകുന്നു ;

(ഝ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഞ) "പുതിയതോ അല്ലെങ്കിൽ അസ്സലോ ആയ ഒരു ഡിസൈനിന്റെ ഉടമസ്ഥൻ" എന്നാൽ,—

(i) ഡിസൈനിന്റെ രചയിതാവ് ശരിയായ പ്രതിഫലത്തിനായി മറ്റേതെങ്കിലും ആൾക്കുവേണ്ടി രചന പൂർത്തിയാക്കുന്നിടത്ത്, ആർക്കുവേണ്ടിയാണോ ആ ഡിസൈൻ അപ്രകാരം പൂർത്തിയാക്കുന്നത്, ആ ആൾ എന്നർത്ഥമാകുന്നതും ;

(ii) ഏതെങ്കിലും ആൾ, മറ്റേതെങ്കിലും ആളെ ഒഴിച്ചുനിറുത്തിക്കൊണ്ടോ അല്ലാതെയോ ഡിസൈനോ ഏതെങ്കിലും സാധനത്തിൽ ഡിസൈൻ പ്രയോഗിക്കുന്നതിനുള്ള അവകാശമോ ആർജ്ജിക്കുന്നിടത്ത്, ഏത് സംബന്ധിച്ചും എത്രത്തോളവും ആണ് ഡിസൈൻ അല്ലെങ്കിൽ അവകാശം അപ്രകാരം ആരാണോ ആർജ്ജിക്കുന്നത് ആ ആൾ എന്നർത്ഥമാകുന്നതും ;

(iii) മറ്റേതെങ്കിലും സംഗതിയിൽ, ഡിസൈനിന്റെ രചയിതാവ് എന്നർത്ഥമാകുന്നതും ഡിസൈനിലുള്ള സ്വത്വം അല്ലെങ്കിൽ ഡിസൈൻ പ്രയോഗിക്കുന്നതിനുള്ള അവകാശം ആദ്യ ഉടമസ്ഥനിൽനിന്നും മറ്റേതെങ്കിലും ആളിൽ സംക്രമിക്കുന്നിടത്ത് ആ മറ്റേ ആൾ ഉൾപ്പെടുന്നതുമാകുന്നു.

## അദ്ധ്യായം II

## ഡിസൈനുകളുടെ രജിസ്ട്രേഷൻ

3. ***കൺട്രോളറും മറ്റു ആഫീസർമാരും.***—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, വ്യാപാരവും ചരക്കുകളും മുദ്രകൾ ആക്റ്റ്, 1958 (1958-ലെ 43)-ലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട, പേറ്റന്റുകളുടെയും ഡിസൈനുകളുടെയും വ്യാപാര മുദ്രകളുടെയും കൺട്രോളർ-ജനറൽ ഡിസൈനുകളുടെ കൺട്രോളർ ആയിരിക്കുന്നതാണ്.

(2) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കേന്ദ്രസർക്കാരിന്, അതിന് യുക്തമെന്ന് തോന്നുന്നത്ര പരിശോധകരെയും അങ്ങനെയുള്ള ഉദ്യോഗപ്പേരോടുകൂടിയ മറ്റു ആഫീസർമാരെയും നിയമിക്കാവുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, (2)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ ഈ ആക്റ്റ്പ്രകാരമുള്ള കൺട്രോളറുടെ അങ്ങനെയുള്ള ചുമതലകൾ അദ്ദേഹം, കാലാകാലങ്ങളിൽ പൊതുവായതോ പ്രത്യേകമായതോ ആയ ലിഖിതമായ ഉത്തരവുവഴി നിർവഹിക്കുന്നതിന് അവരെ അധികാരപ്പെടുത്തുന്ന പ്രകാരം കൺട്രോളറുടെ മേലന്വേഷണത്തിനും നിർദ്ദേശങ്ങൾക്കുംകീഴിൽ നിർവഹിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ കൺട്രോളർക്ക്, ലിഖിത ഉത്തരവുവഴിയും അതിൽ രേഖപ്പെടുത്തേണ്ട കാരണങ്ങളാലും (2)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഒരു ആഫീസറുടെ മുമ്പാകെ നിലവിലിരിക്കുന്ന ഏതു സംഗതിയും പിൻവലിക്കാവുന്നതും അദ്ദേഹത്തിനുതന്നെ പുതുതായോ അല്ലെങ്കിൽ അതുപ്രകാരം പിൻവലിക്കപ്പെട്ട ഘട്ടം മുതൽക്കോ അങ്ങനെയുള്ള സംഗതി കൈകാര്യം ചെയ്യാവുന്നതും അല്ലെങ്കിൽ അത് (2)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട മറ്റൊരു ആഫീസർക്ക് കൈമാറ്റം ചെയ്യാവുന്നതും അദ്ദേഹത്തിന് കൈമാറ്റ ഉത്തരവിലെ പ്രത്യേക നിർദ്ദേശങ്ങൾക്ക് വിധേയമായി, പുതുതായോ അല്ലെങ്കിൽ അത് അപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട ഘട്ടം മുതൽക്കോ ആ സംഗതി തുടർന്നു നടത്താവുന്നതുമാകുന്നു.

4. ***ചില ഡിസൈനുകളുടെ രജിസ്ട്രേഷന്റെ നിരോധനം.***—ഒരു ഡിസൈൻ—

(ക) പുതിയത് അല്ലെങ്കിൽ അസ്സൽ അല്ലാത്തത്; അല്ലെങ്കിൽ

(ഖ) ഫയലിംഗ് തീയതിക്കും അല്ലെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയുടെ മുൻഗണനാ തീയതി ബാധകമാകുന്നിടത്ത് അതിന് മുമ്പും ഭാരതത്തിലോ മറ്റേതെങ്കിലും രാജ്യത്ത് എവിടെയെങ്കിലോ മൂർത്തമായ രൂപത്തിൽ പ്രസിദ്ധീകരണംവഴിയോ അല്ലെങ്കിൽ ഉപയോഗംവഴിയോ മറ്റേതെങ്കിലും വിധത്തിലോ പൊതുജനങ്ങൾക്ക് വെളിപ്പെടുത്തപ്പെട്ടിട്ടുള്ളത്; അല്ലെങ്കിൽ

(ഗ) അറിയപ്പെടുന്ന ഡിസൈനുകളിൽ നിന്നോ അറിയപ്പെടുന്ന ഡിസൈനുകളുടെ സംയോജനത്തിൽനിന്നോ സാർത്ഥകമായി വേർതിരിച്ചറിയാൻ കഴിയാത്തത് ; അല്ലെങ്കിൽ

(ഘ) അപവാദപരമോ അശ്ളീലമോ ആയ സംഗതി അടങ്ങുന്നതോ, ഉൾക്കൊള്ളുന്നതോ ആണെങ്കിൽ,

രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

5. ***ഡിസൈനുകളുടെ രജിസ്ട്രേഷനുകളുടെ അപേക്ഷ.***—(1) മുമ്പ് ഏതെങ്കിലും രാജ്യത്ത് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും പൊതു സമാധാനത്തിനോ സാന്മാർഗ്ഗികതയ്ക്കോ വിരുദ്ധമല്ലാത്തുമായ ഏതെങ്കിലും പുതിയതോ അസ്സലോ ആയ ഡിസൈനിന്റെ ഉടമസ്ഥനെന്ന് അവകാശപ്പെടുന്ന ഏതെങ്കിലും ആളുടെ അപേക്ഷയിൻമേൽ, കൺട്രോളർക്ക് ഈ ആക്റ്റ് പ്രകാരം ഡിസൈൻ രജിസ്റ്റർ ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള രജിസ്ട്രേഷനുമുമ്പ്, കൺട്രോളർ, അങ്ങനെയുള്ള ഡിസൈൻ ഈ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളും പ്രകാരം രജിസ്റ്റർ ചെയ്യപ്പെടാവുന്നതാണോ എന്ന് 3-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം നിയമിക്കപ്പെട്ട ഒരു പരിശോധകനാൽ പരിശോധിക്കപ്പെടുന്നതിനുവേണ്ടി, അപേക്ഷ റഫർ ചെയ്യേണ്ടതും അങ്ങനെയുള്ള റഫറൻസിന്മേലുള്ള പരിശോധകന്റെ റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഏതൊരു അപേക്ഷയും, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ പേറ്റന്റ് ആഫീസിൽ നൽകേണ്ടതും നിർണ്ണയിക്കപ്പെട്ട ഫീസും സഹിതം ആയിരിക്കേണ്ടതുമാണ്.

(3) ഒരു ഡിസൈൻ ഒന്നിലധികം വിഭാഗത്തിൽ രജിസ്റ്റർ ചെയ്യാവുന്നതല്ലാത്തതും ഏത് വിഭാഗത്തിലാണ് രജിസ്റ്റർ ചെയ്യപ്പെടേണ്ടതെന്നതിനെക്കുറിച്ച് സംശയമുള്ളപക്ഷം, കൺട്രോളർക്ക് ആ പ്രശ്നം തീരുമാനിക്കാവുന്നതുമാകുന്നു.

(4) കൺട്രോളർക്ക്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, രജിസ്ട്രേഷനുവേണ്ടി അദ്ദേഹത്തിന് നൽകിയ ഏതെങ്കിലും ഡിസൈൻ രജിസ്റ്റർ ചെയ്യുന്നത് നിരസിക്കാവുന്നതാണ്; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും നിരസിക്കൽമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(5) അപേക്ഷകന്റെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും വീഴ്ചയോ ഉപേക്ഷയോ കാരണം നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ രജിസ്ട്രേഷൻ നടത്തുന്നതിന് സാധ്യമാകുംവിധം പൂർത്തിയാക്കപ്പെടാത്ത ഒരു അപേക്ഷ ഉപേക്ഷിക്കപ്പെട്ടതായി കരുതേണ്ടതാണ്.

(6) ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ രജിസ്ട്രേഷനുള്ള അപേക്ഷയുടേതായ തീയതിയിൽ രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്.

6. ***രജിസ്ട്രേഷൻ പ്രത്യേക സാധനത്തെ സംബന്ധിച്ച് ആയിരിക്കണമെന്ന്.***—(1) സാധനങ്ങളുടെ നിർണ്ണയിക്കപ്പെട്ട ഒരു വിഭാഗത്തിൽ അടങ്ങുന്ന ഏതെങ്കിലുമോ എല്ലാമോ സാധനങ്ങളെ സംബന്ധിച്ച് ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(2) ഏതെങ്കിലും സാധനം ഏതു വിഭാഗത്തിൽപ്പെടുന്നു എന്നതു സംബന്ധിച്ച് ഉണ്ടാകുന്ന ഏതെങ്കിലും പ്രശ്നം കൺട്രോളർ തീരുമാനിക്കേണ്ടതും അക്കാര്യത്തിലുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(3) ഒരു വിഭാഗത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും സാധനത്തെ സംബന്ധിച്ച് ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, സാധനങ്ങളുടെ ആ വിഭാഗത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ അധികമോ മറ്റ് സാധനങ്ങളെ സംബന്ധിച്ച് ഡിസൈൻ രജിസ്റ്റർ ചെയ്യാനുള്ള അതിന്റെ ഉടമസ്ഥന്റെ അപേക്ഷ —

(ക) ഡിസൈൻ അപ്രകാരം മുമ്പ് തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു എന്ന കാരണത്താൽ മാത്രം അത് പുതിയതോ അസ്സലോ അല്ല എന്ന കാരണത്തിന്മേലോ; അല്ലെങ്കിൽ

(ഖ) മുമ്പ് തന്നെ രജിസ്റ്റർ ചെയ്യപ്പെട്ട സാധനത്തെ സംബന്ധിച്ച് അതിന്മേൽ ഡിസൈൻ പ്രയോഗിച്ചിരുന്നു എന്ന കാരണത്താൽ മാത്രം ഭാരതത്തിലോ മറ്റേതെങ്കിലും രാജ്യത്തോ മുമ്പ് തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു എന്ന കാരണത്തിന്മേലോ,

നിരസിക്കാൻ പാടുള്ളതല്ലാത്തതും അതിന്റെ രജിസ്ട്രേഷൻ അസാധുവാക്കുന്നതിന് പാടുള്ളതല്ലാത്തതുമാകുന്നു:

എന്നാൽ അപ്രകാരം പിന്നീടുള്ള രജിസ്ട്രേഷൻ, മുമ്പുള്ള രജിസ്ട്രേഷൻ ആരംഭിക്കുന്നതു മുതൽ ഡിസൈനിന്റെ പകർപ്പവകാശത്തിന്റെ കാലാവധിക്കപ്പുറം ദീർഘിപ്പിക്കാൻ പാടുള്ളതല്ല.

(4) ഏതെങ്കിലും സാധനത്തെ സംബന്ധിച്ച് ഒരു ഡിസൈനിന്റെ രജിസ്ട്രേഷന് ഏതെങ്കിലും ആൾ ഒരു അപേക്ഷ നൽകുന്നിടത്ത്—

(ക) മറ്റേതെങ്കിലും സാധനത്തെ സംബന്ധിച്ച് മറ്റൊരാളാൽ ആ ഡിസൈൻ മുമ്പ് തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുകയോ ; അല്ലെങ്കിൽ

(ഖ) ഡിസൈനുമായി ബന്ധപ്പെട്ട അപേക്ഷ, അതേ സാധനത്തെയോ അല്ലെങ്കിൽ മറ്റു ചില സാധനത്തെയോ സംബന്ധിച്ച് ഡിസൈനിന്റെ സ്വഭാവം മാറ്റുന്നതിൽ പര്യാപ്തമാകാത്തതോ അല്ലെങ്കിൽ അതിന്റെ അനന്യതയെ സാരമായി ബാധിക്കുന്നതോ ആയ രൂപഭേദപ്പെടുത്തലുകളോടൊ വ്യത്യാസപ്പെടുത്തലുകളോടൊ കൂടി മറ്റൊരാൾ മുമ്പ് രജിസ്റ്റർ ചെയ്ത ഒരു ഡിസൈൻ അടങ്ങുകയോ ചെയ്യുന്നിടത്തോ അപേക്ഷ നിലവിലിരിക്കുമ്പോൾ ഏതെങ്കിലും സമയം അപേക്ഷകൻ മുമ്പ് രജിസ്റ്റർ ചെയ്ത ഡിസൈനിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥൻ ആയിത്തീരുകയാണെങ്കിൽ, ഈ വകുപ്പിന്റെ മുൻപറഞ്ഞ വ്യവസ്ഥകൾ അപേക്ഷകൻ അപേക്ഷ നൽകുന്ന സമയത്ത് ആ ഡിസൈനിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനായിരുന്നാലെന്നപോലെ ബാധകമാകുന്നതാണ്.

7. *രജിസ്റ്റർ ചെയ്യപ്പെട്ട ഡിസൈനുകളുടെ വിവരങ്ങളുടെ പ്രസിദ്ധപ്പെടുത്തൽ.*—കൺട്രോളർ, ഒരു ഡിസൈനിന്റെ രജിസ്ട്രേഷനുശേഷം, കഴിയുന്നത്ര വേഗത്തിൽ, പ്രസിദ്ധപ്പെടുത്തേണ്ട ഡിസൈനിന്റെ നിർണ്ണയിക്കപ്പെട്ട വിവരങ്ങൾ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രീതിയിൽ, പ്രസിദ്ധപ്പെടുത്തിക്കേണ്ടതും അതിനുശേഷം, ഡിസൈൻ പൊതു പരിശോധനയ്ക്കായി പ്രാപ്യമായിരിക്കുന്നതുമാണ്.

8. ***അപേക്ഷ മുതലായവയുടെ പകരംചേർക്കൽ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള കൺട്രോളറുടെ അധികാരം.***—(1) ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി അപേക്ഷകന്റെയോ അപേക്ഷകരിൽ ഒരാളിന്റെയോ ലിഖിതമായ ഏതെങ്കിലും തീറിന്റെയോ കരാറിന്റെയോ ബലത്തിൽ നിയമപ്രവർത്തനത്താലോ അവകാശവാദി, ഡിസൈൻ അപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, അതിലേക്കോ അതിൽ അപേക്ഷകനുള്ള ആനുകൂല്യത്തിനോ, ഡിസൈനിന്റെയോ ആ ആനുകൂല്യത്തിന്റെയോ ഒരു അവിഭക്ത ഭാഗത്തിനോ അവകാശിയായിരിക്കുമെന്ന് ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെടുന്നതിനുമുമ്പ് എപ്പോഴെങ്കിലും നിർദ്ദിഷ്ട രീതിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ഒരു അവകാശവാദം കൺട്രോളർക്ക് ബോദ്ധ്യപ്പെടുന്നെങ്കിൽ, ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി കൺട്രോളർക്ക്, അവകാശവാദിയുടെ പേരിലോ അവകാശവാദികളുടെയും അപേക്ഷകന്റെയും പേരുകളിലോ മറ്റ് കൂട്ട് അപേക്ഷകനോ അപേക്ഷകരോ, അതത് സംഗതിപോലെ, ആവശ്യപ്പെടുന്നതനുസരിച്ചോ അപേക്ഷ നടപടിക്കെടുക്കേണ്ടതാണെന്ന്, നിർദ്ദേശിക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അങ്ങനെയുള്ള യാതൊരു നിർദ്ദേശവും, ഒരു ഡിസൈനിന്റെ രജിസ്ട്രേഷനുള്ള രണ്ടോ അതിലധികമോ കൂട്ട് അപേക്ഷകരിൽ ഒരാൾ ഉണ്ടാക്കിയ ഏതെങ്കിലും തീറിന്റെയോ കരാറിന്റെയോ ബലത്തിൽ മറ്റു കൂട്ട് അപേക്ഷകന്റെയോ അപേക്ഷകരുടെയോ സമ്മതം കൂടാതെ, നല്കുവാൻ പാടുള്ളതല്ല.

(3) മുൻപറഞ്ഞ പ്രകാരമുള്ള യാതൊരു നിർദ്ദേശവും ഒരു ഡിസൈനിന്റെ ആനുകൂല്യത്തിനുവേണ്ടിയുള്ള ഏതെങ്കിലും തീറിന്റെയോ തീറിനുവേണ്ടിയുള്ള കരാറിന്റെയോ ബലത്തിൽ—

(ക) രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള നമ്പർ പ്രകാരം അതിലെ ഡിസൈൻ തിരിച്ചറിയപ്പെടുകയോ ; അല്ലെങ്കിൽ

(ഖ) അപേക്ഷ നൽകിയിട്ടുള്ളത് ഏത് ഡിസൈൻ സംബന്ധിച്ചാണോ അതുമായി തീറോ കരാറോ ബന്ധപ്പെടുന്നു എന്ന് ഒരു സമ്മതപത്രം തീറോ കരാറോ ഉണ്ടാക്കിയ ആൾ കൺട്രോളർക്ക് ഹാജരാക്കിയിരിക്കുകയോ ; അല്ലെങ്കിൽ

(ഗ) അവകാശവാദിയുടെ ഡിസൈൻ സംബന്ധിച്ച അവകാശങ്ങൾ ഒരു കോടതിയുടെ തീരുമാനംവഴി അന്തിമമായി സ്ഥാപിക്കപ്പെട്ടിരിക്കുകയോ ; അല്ലെങ്കിൽ

(ഘ) (5)-ാം ഉപവകുപ്പുപ്രകാരം അപേക്ഷ നടപടിക്കെടുക്കുന്നത് സാദ്ധ്യമാക്കുന്നതിനോ ഏത് രീതിയിലാണ് അത് നടപടിക്കെടുക്കപ്പെടേണ്ടതെന്ന് ക്രമപ്പെടുത്തുന്നതിനോ കൺട്രോളർ നിർദ്ദേശങ്ങൾ നൽകുകയോ,

ചെയ്യാത്തപക്ഷം, നൽകാൻ പാടുള്ളതല്ല.

(4) ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെടുന്നതിനുമുമ്പ് എപ്പോഴെങ്കിലും ഒരു ഡിസൈനിന്റെ രജിസ്ട്രേഷനുള്ള രണ്ടോ അതിലധികമോ കൂട്ട് അപേക്ഷകരിൽ ഒരാൾ മരിക്കുന്നപക്ഷം, കൺട്രോളർക്ക്, അതിജീവിക്കുന്ന ആളുടെയോ ആളുകളുടെയോ ആ ആവശ്യത്തിലേക്കുള്ള അപേക്ഷയിൻമേലും മരിച്ചുപോയ ആളുടെ നിയമാനുസൃത പ്രതിനിധിയുടെ സമ്മതത്തോടുകൂടിയും അതിജീവിക്കുന്ന ആളുടെയോ ആളുകളുടെയോ പേരിൽ മാത്രം അപേക്ഷയിൽ നടപടി തുടരേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(5) അപേക്ഷയിൽ, നടപടി തുടരേണ്ടതുണ്ടോ എന്നോ അല്ലെങ്കിൽ ഏത് നടപടി തുടരേണ്ടത് ഏത് രീതിയിലാണെന്നോ ഒരു ഡിസൈനിന്റെ രജിസ്ട്രേഷനുള്ള കൂട്ട് അപേക്ഷകർക്കിടയിൽ എന്തെങ്കിലും തർക്കം ഉത്ഭവിക്കുന്നുവെങ്കിൽ, കൺട്രോളർക്ക്, കക്ഷികളിൽ ആരെങ്കിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ അദ്ദേഹത്തിന് നൽകുന്ന അപേക്ഷയിൻമേലും ബന്ധപ്പെട്ട എല്ലാ കക്ഷികളെയും കേൾക്കുന്നതിന് ഒരവസരം നൽകിയതിനുശേഷവും, ഒന്നോ അതിലധികമോ കക്ഷികളുടെ പേരിൽ മാത്രം അപേക്ഷയിൽ നടപടി തുടരുന്നത് സാദ്ധ്യമാക്കുന്നതിന് അല്ലെങ്കിൽ അതിൻമേൽ നടപടി തുടരേണ്ടത് ഏത് രീതിയിലാണെന്ന് ക്രമപ്പെടുത്തുന്നതിനോ അല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമുള്ളതുപോലെ, ആ രണ്ട് ആവശ്യങ്ങൾക്കുവേണ്ടിയോ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

9. ***രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.***—(1) കൺട്രോളർ, ഡിസൈനിന്റെ ഉടമസ്ഥന് രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ, ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(2) കൺട്രോളർക്ക്, അസ്സൽ സർട്ടിഫിക്കറ്റ് നഷ്ടപ്പെടുന്ന സംഗതിയിലോ, അദ്ദേഹം യുക്തമെന്ന് കരുതുന്ന മറ്റേതെങ്കിലും സംഗതിയിലോ, സർട്ടിഫിക്കറ്റിന്റെ ഒന്നോ അതിലധികമോ പകർപ്പുകൾ നൽകാവുന്നതാണ്.

10. ***ഡിസൈനുകളുടെ രജിസ്റ്റർ.***—(1) ഡിസൈനുകളുടെ രജിസ്റ്റർ എന്നു പേർ പറയുന്ന ഒരു പുസ്തകം പേറ്റന്റ് ആഫീസിൽ സൂക്ഷിക്കേണ്ടതും അതിൽ രജിസ്റ്റർ ചെയ്ത ഡിസൈനുകളുടെ ഉടമസ്ഥരുടെ പേരുകളും വിലാസങ്ങളും തീറുകളുടെയും രജിസ്റ്റർ ചെയ്യപ്പെട്ട ഡിസൈനുകളുടെയും എത്തിച്ചുകൊടുക്കലുകളുടെയും വിജ്ഞാപനങ്ങളും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള മറ്റു സംഗതികളും ചേർക്കേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പരിരക്ഷകൾക്ക് വിധേയമായി അങ്ങനെയുള്ള രജിസ്റ്റർ പൂർണ്ണമായോ ഭാഗികമായോ കമ്പ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്ക്കറ്റുകളിലോ വച്ചുപോരേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം രജിസ്റ്റർ പൂർണ്ണമായോ ഭാഗികമായോ കമ്പ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്ക്കറ്റുകളിലോ വച്ചുപോരുന്നിടത്ത്, രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെ ഈ ആക്റ്റിലുള്ള പരാമർശത്തിന് അപ്രകാരം കമ്പ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്ക്കറ്റുകളിലോ വച്ചുപോരുന്ന ഉൾക്കുറിപ്പിന്റെ പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

(3) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുള്ള ഡിസൈനുകളുടെ രജിസ്റ്റർ ഈ ആക്റ്റ് പ്രകാരമുള്ള ഡിസൈനുകളുടെ രജിസ്റ്ററിൽ കൊള്ളിക്കേണ്ടതും അതിന്റെ ഭാഗമാകുന്നതുമാണ്.

(4) ഡിസൈനുകളുടെ രജിസ്റ്റർ, ഈ ആക്റ്റിനാൽ അതിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതോ അധികാരപ്പെടുത്തിയിട്ടുള്ളതോ ആയ ഏതെങ്കിലും സംഗതിയുടെ, പ്രഥമദൃഷ്ട്യാ തെളിവ് ആയിരിക്കുന്നതാണ്.

അദ്ധ്യായം III

## രജിസ്റ്റർ ചെയ്ത ഡിസൈനുകളിലുള്ള പകർപ്പവകാശം

11. ***രജിസ്ട്രേഷൻമേലുള്ള പകർപ്പവകാശം.***—(1) ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ, ഡിസൈനിന്റെ രജിസ്റ്റർ ചെയ്ത ഉടമസ്ഥന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, രജിസ്റ്റർ ചെയ്ത തീയതി മുതൽ പത്ത് വർഷത്തേക്ക് ഡിസൈനിൽ പകർപ്പവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) പ്രസ്തുത പത്ത് വർഷം അവസാനിക്കുന്നതിനുമുമ്പ് പകർപ്പവകാശത്തിന്റെ കാലയളവ് നീട്ടുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെട്ട രീതിയിൽ കൺട്രോളർക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ, കൺട്രോളർക്ക്, നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുന്നതിൻമേൽ ആദ്യത്തെ പത്ത് വർഷക്കാലയളവ് അവസാനിക്കുന്നതുമുതൽ പകർപ്പവകാശക്കാലയളവ് രണ്ടാമതൊരു അഞ്ചുവർഷക്കാലത്തേക്ക് നീട്ടാവുന്നതാണ്.

12. ***ലാപ്സായ ഡിസൈനുകളുടെ പുനഃസ്ഥാപിക്കൽ.***—(1) 11-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം പകർപ്പവകാശം നീട്ടുന്നതിനുള്ള ഫീസ് നൽകുന്നതിൽ വീഴ്ചകാരണം ഒരു ഡിസൈനിന് പ്രഭാവം ഇല്ലാതായിരിക്കുന്നിടത്ത്, അങ്ങനെയുള്ള ഡിസൈനിന്റെ ഉടമസ്ഥനോ അയാളുടെ നിയമാനുസൃത പ്രതിനിധിക്കോ, ഡിസൈൻ രണ്ടോ അതിലധികമോ ആളുകൾ കൂട്ടായി കൈവശം വച്ചിരുന്നിടത്ത്, കൺട്രോളറുടെ അനുമതിയോടുകൂടി അവരിൽ ഒന്നോ അതിലധികമോ ആളുകൾ മറ്റുള്ളവരുമായി കൂട്ടുചേരാതെ ഡിസൈനിന്റെ പ്രഭാവം ഇല്ലാതായ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് നൽകി ഡിസൈൻ പുനഃസ്ഥാപിക്കുന്നതിനായി ഒരു അപേക്ഷ നൽകാവുന്നതാണ്.

(2) ഈ വകുപ്പു പ്രകാരമുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുന്നതിലുള്ള വീഴ്ചയിലേക്ക് നയിച്ച സാഹചര്യങ്ങൾ പൂർണ്ണമായി വിവരിക്കുന്ന, നിർണ്ണയിക്കപ്പെട്ട രീതിയിൽ പരിശോധിച്ച് സത്യബോദ്ധ്യപ്പെടുത്തിയ, ഒരു പ്രസ്താവന ഉൾക്കൊള്ളേണ്ടതും, കൺട്രോളർക്ക്, അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള കൂടുതൽ തെളിവ്, അപേക്ഷകനിൽനിന്ന് ആവശ്യപ്പെടാവുന്നതുമാകുന്നു.

13. ***ലാപ്സായ ഡിസൈനുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷകളുടെ തീർപ്പാക്കലിനുള്ള നടപടിക്രമം.***—(1) അപേക്ഷകൻ അപ്രകാരം ആഗ്രഹിക്കുകയോ അല്ലെങ്കിൽ കൺട്രോളർക്ക് യുക്തമെന്ന് തോന്നുകയോ ചെയ്യുന്ന സംഗതികളിൽ അപേക്ഷകനെ കേട്ടതിനുശേഷം, പകർപ്പവകാശത്തിന്റെ കാലയളവ് നീട്ടുന്നതിനുള്ള ഫീസ് നൽകുന്നതിലുള്ള വീഴ്ച മനഃപൂർവ്വമായിരുന്നില്ലെന്നും അപേക്ഷ നൽകുന്നതിൽ അധിക കാലതാമസം ഉണ്ടായിരുന്നില്ലെന്നും കൺട്രോളർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, പകർപ്പവകാശക്കാലയളവ് നീട്ടുന്നതിന് നൽകിയിട്ടില്ലാത്ത ഏതെങ്കിലും ഫീസ് നിർണ്ണയിക്കപ്പെട്ട അധിക ഫീസോടുകൂടി നൽകുന്നതിൻമേൽ കൺട്രോളർ, ഡിസൈനിന്റെ രജിസ്ട്രേഷൻ പുനഃസ്ഥാപിക്കേണ്ടതാണ്.

(2) കൺട്രോളർക്ക്, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, രജിസ്റ്ററിൽ ചേർക്കേണ്ടതും, എന്നാൽ അപ്രകാരം ചേർത്തിട്ടില്ലാത്തതുമായ ഏതെങ്കിലും ഉൾക്കുറിപ്പ് ഏതെങ്കിലും രേഖയുടെയോ സംഗതിയുടെയോ രജിസ്റ്ററിൽ ചേർക്കണമെന്ന് ഡിസൈൻ പുനഃസ്ഥാപിക്കുന്നതിന് യുക്തമായ ഒരു ഉപാധിയായി അദ്ദേഹത്തിന് തോന്നുന്നപക്ഷം, ആവശ്യപ്പെടാവുന്നതാണ്.

14. ***പുനഃസ്ഥാപിക്കപ്പെട്ട ലാപ്സായ ഡിസൈനിന്റെ ഉടമസ്ഥനുള്ള അവകാശങ്ങൾ.***—(1) ഒരു ഡിസൈനിന്റെ രജിസ്ട്രേഷൻ പുനഃസ്ഥാപിക്കപ്പെടുന്നിടത്ത്, രജിസ്റ്റേഡ് ഉടമസ്ഥനുള്ള അവകാശങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കും, ഡിസൈനിന്റെ രജിസ്ട്രേഷന്റെ പ്രഭാവം ഇല്ലാതായിത്തീരുന്ന തീയതിക്കും ഡിസൈനിന്റെ രജിസ്ട്രേഷന്റെ പുനഃസ്ഥാപിക്കൽ തീയതിക്കും ഇടയിൽ ഡിസൈൻ പ്രയോഗിക്കുന്നതിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നതിന് ഉടമ്പടിവഴിയോ മറ്റു വിധത്തിലോ വ്യക്തമായ നടപടി എടുത്തിട്ടുള്ളവരുടെയോ പ്രയോജനപ്പെടുത്താൻ തുടങ്ങിയവരുടെയോ സംരക്ഷണത്തിനോ നഷ്ടപരിഹാരത്തിനോ വേണ്ടി കൺട്രോളർക്ക് ചുമത്താൻ ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റു വ്യവസ്ഥകൾക്കും, വിധേയമായിരിക്കുന്നതാണ്.

(2) ഡിസൈനിന്റെ രജിസ്ട്രേഷന്റെ പ്രഭാവം ഇല്ലാതായിത്തീരുന്ന തീയതിക്കും ഡിസൈനിന്റെ പുനഃസ്ഥാപിക്കൽ തീയതിക്കും ഇടയിൽ നടത്തിയിട്ടുള്ള ഒരു രജിസ്റ്റേഡ് ഡിസൈനിന്റെ മോഷണമോ അങ്ങനെയുള്ള ഡിസൈനിന്റെ പകർപ്പവകാശത്തിന്റെ ഉല്ലംഘനമോ സംബന്ധിച്ച് യാതൊരു വ്യവഹാരമോ മറ്റ് നടപടിയോ ആരംഭിക്കാൻ പാടുള്ളതല്ല.

15. ***വിൽപ്പനയിൻമേൽ ഏൽപ്പിച്ചുകൊടുക്കുന്നതിനു മുമ്പുള്ള ആവശ്യകതകൾ.***—(1) ഒരു രജിസ്റ്റേഡ് ഡിസൈൻ പ്രയോഗിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സാധനങ്ങളുടെ വിൽപ്പനയിൻമേൽ ഏൽപ്പിച്ചുകൊടുക്കുന്നതിനുമുമ്പ്, ഉടമസ്ഥൻ—

(ക) (രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയിൽ കൃത്യമായ പ്രതിരൂപണങ്ങളോ മാതൃകകളോ നൽകിയിട്ടില്ലെങ്കിൽ) ഡിസൈനിന്റെ കൃത്യമായ പ്രതിരൂപണങ്ങളുടെയോ മാതൃകകളുടെയോ നിർണ്ണയിക്കപ്പെട്ട എണ്ണം കൺട്രോളർക്ക് നൽകേണ്ടതും അപ്രകാരം ചെയ്യാൻ അയാൾക്ക് കഴിയാതെ വരുന്നുവെങ്കിൽ കൺട്രോളർക്ക്, അത് സംബന്ധിച്ച് ഉടമസ്ഥന് നോട്ടീസ് നൽകിയശേഷം, അയാളുടെ പേര് രജിസ്റ്ററിൽ നിന്ന് നീക്കാവുന്നതും അതിന്റെ ഫലമായി ഡിസൈനിലുള്ള പകർപ്പവകാശം ഇല്ലാതാകുന്നതും;

(ഖ) ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടതാണെന്ന് സൂചിപ്പിക്കുന്ന നിർണ്ണയിക്കപ്പെട്ട ചിഹ്നത്താലോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട വാക്കുകളാലോ അക്കങ്ങളാലോ അങ്ങനെയുള്ള ഓരോ സാധനവും അടയാളപ്പെടുത്തേണ്ടതും, അപ്രകാരം ചെയ്യാൻ അയാൾ വീഴ്ച വരുത്തുന്നുവെങ്കിൽ, സാധനത്തിന്റെ അടയാളപ്പെടുത്തൽ ഉറപ്പാക്കുന്നതിന് ഉചിതമായ എല്ലാ നടപടികളും അയാൾ എടുത്തുവെന്ന് അയാൾ കാണിക്കാത്തപക്ഷം അല്ലെങ്കിൽ അതിൽ കുറ്റക്കാരനായ ആൾ ഡിസൈനിന്റെ പകർപ്പവകാശത്തിന്റെ നിലനിൽപ്പ് സംബന്ധിച്ച് അറിഞ്ഞതിനോ നോട്ടീസ് കിട്ടിയതിനോ ശേഷമാണ് ഉല്ലംഘനം നടന്നതെന്ന് അയാൾ കാണിക്കാത്തപക്ഷം, ഡിസൈനിന്റെ അയാളുടെ പകർപ്പവകാശത്തിന്റെ ഏതെങ്കിലും ലംഘനം സംബന്ധിച്ച് ഏതെങ്കിലും പിഴയോ നഷ്ടപരിഹാരമോ വസൂലാക്കുന്നതിന് ഉടമസ്ഥന് അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും, ആകുന്നു.

(2) സാധനങ്ങളുടെ ഏതെങ്കിലും വിഭാഗത്തെയോ വിവരണത്തെയോ സംബന്ധിച്ച അടയാളപ്പെടുത്തലിനെക്കുറിച്ച് ഈ ആക്റ്റിലെ ഏതെങ്കിലും ആവശ്യകതകൾ ഒഴിവാക്കുന്നതോ ഭേദഗതി ചെയ്യുന്നതോ വ്യാപാരത്തിന്റെയോ വ്യവസായത്തിന്റെയോ താത്പര്യത്തിന് യുക്തമെന്ന് ഏതെങ്കിലും വ്യാപാരത്താലോ വ്യാപാരത്തിന് വേണ്ടിയോ അല്ലെങ്കിൽ വ്യവസായത്താലോ വ്യവസായത്തിനുവേണ്ടിയോ കേന്ദ്രസർക്കാരിന്, ഒരു നിവേദനം സമർപ്പിക്കപ്പെടുമ്പോൾ, കേന്ദ്രസർക്കാരിന്, അതിന് ഉചിതമെന്ന് തോന്നുന്നുവെങ്കിൽ, ഈ ആക്റ്റിൻകീഴിലെ ചട്ടപ്രകാരം, അതിന് ഉചിതമെന്ന് തോന്നുന്ന അത്രമാത്രവും അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും സാധനങ്ങളുടെ അങ്ങനെയുള്ള ഏതെങ്കിലും വിഭാഗത്തെയോ വിവരണത്തെയോ സംബന്ധിച്ച അങ്ങനെയുള്ള ആവശ്യകതകൾ ഒഴിവാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാകുന്നു.

16. ***പകർപ്പവകാശത്തിന്മേൽ വെളിപ്പെടുത്തലിന്റെ പ്രഭാവം.***—ഉടമസ്ഥനാൽ മറ്റേതെങ്കിലും ആൾക്ക് ഡിസൈൻ ഉപയോഗിക്കുന്നതിനോ പ്രസിദ്ധീകരിക്കുന്നതിനോവേണ്ടി ആ മറ്റേ ആളുടെ ഉത്തമവിശ്വാസത്തിന് വിരുദ്ധമായേക്കാവുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിൽ ഡിസൈനിന്റെ വെളിപ്പെടുത്തലും, ഡിസൈനിന്റെ ഉടമസ്ഥനല്ലാത്ത ഏതെങ്കിലും ആളാൽ ഉത്തമ വിശ്വാസത്തിന്റെ ലംഘനത്തിൽ ഒരു ഡിസൈനിന്റെ വെളിപ്പെടുത്തലും, രജിസ്ട്രേഷന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പുതിയതോ അല്ലെങ്കിൽ ആദ്യത്തേയോ ആയ ഒരു ടെക്സ്റ്റയിൽ ഡിസൈൻ വഹിക്കുന്ന സാധനങ്ങൾക്കുവേണ്ടി ആദ്യത്തേതും രഹസ്യവുമായ ഒരു ഉത്തരവിന്റെ സ്വീകരിക്കലിനോ വെളിപ്പെടുത്തലിനോ ശേഷമാണ് അതിന്റെ രജിസ്ട്രേഷൻ നേടിയിട്ടുള്ളതെങ്കിൽ, അതിന്റെ പകർപ്പവകാശം അസാധുവാക്കുന്നതിന് മതിയായ ഒരു പ്രസിദ്ധീകരണമായി കണക്കാക്കാൻ പാടുള്ളതല്ല.

17. ***രജിസ്റ്റേഡ് ഡിസൈനുകളുടെ പരിശോധന.***—(1) ഒരു ഡിസൈനിന്റെ പകർപ്പവകാശം നിലനിൽക്കുന്നിടത്തോളം കാലം, കൺട്രോളർക്ക് ഡിസൈൻ തിരിച്ചറിയാൻ കഴിയുന്ന അങ്ങനെയുള്ള വിവരം നൽകുന്നതിന്മേലും നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുന്നതിന്മേലും ഏതൊരാൾക്കും നിർണ്ണയിക്കപ്പെട്ട രീതിയിൽ ഡിസൈൻ പരിശോധിക്കാവുന്നതാണ്.

(2) ഏതൊരാൾക്കും കൺട്രോളർക്കുള്ള ഒരു അപേക്ഷയിന്മേലും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫീസ് നൽകുന്നതിന്മേലും ഏതെങ്കിലും രജിസ്റ്റേഡ് ഡിസൈനിന്റെ ഒരു സാക്ഷ്യപ്പെടുത്തിയ പകർപ്പ്, നേടാവുന്നതാണ്.

18. ***പകർപ്പവകാശത്തിന്റെ നിലനിൽപ്പ് സംബന്ധിച്ച വിവരം.***—കൺട്രോളർക്ക് ഡിസൈൻ തിരിച്ചറിയാൻ കഴിയുന്നതിന് അങ്ങനെയുള്ള വിവരം നൽകുന്ന ഏതൊരാളുടെയും അഭ്യർത്ഥനയിന്മേലും നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുന്നതിന്മേലും കൺട്രോളർ, ഡിസൈൻ സംബന്ധിച്ച രജിസ്ട്രേഷൻ ഇപ്പോഴും നിലനിൽക്കുന്നു

ണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് വിഭാഗം സാധനങ്ങൾ സംബന്ധിച്ചുള്ളതാണെന്നും, അങ്ങനെയുള്ള ആള അറിയിക്കേണ്ടതും രജിസ്ട്രേഷൻ തീയതിയും രജിസ്റ്റേഡ് ഉടമസ്ഥന്റെ പേരും വിലാസവും പ്രസ്താവിക്കേണ്ട തുമാണ്.

19. *രജിസ്ട്രേഷൻ റദ്ദാക്കൽ.*—(1) താത്പര്യമുള്ള ഏതൊരാൾക്കും ഡിസൈനിന്റെ രജിസ്ട്രേഷനുശേഷം ഏത് സമയത്തും, ഒരു ഡിസൈനിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് വേണ്ടി ഒരു അപേക്ഷ കൺട്രോളർക്ക് താഴെപ്പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ സമർപ്പിക്കാവുന്നതാണ്, അതായത്:—

(ക) ഡിസൈൻ ഭാരതത്തിൽ മുമ്പുതന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; അല്ലെങ്കിൽ

(ഖ) രജിസ്ട്രേഷൻ തീയതിക്കുമുമ്പ് ഡിസൈൻ ഭാരതത്തിലോ മറ്റേതെങ്കിലും രാജ്യത്തിലോ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് ; അല്ലെങ്കിൽ

(ഗ) ഡിസൈൻ പുതിയതോ ആദ്യത്തെയോ ആയ ഒരു ഡിസൈൻ അല്ല ; അല്ലെങ്കിൽ

(ഘ) ഈ ആക്റ്റ് പ്രകാരം ഡിസൈൻ രജിസ്റ്റർ ചെയ്യേണ്ടതല്ല ; അല്ലെങ്കിൽ

(ങ) ഡിസൈൻ 2-ാം വകുപ്പ് (ഘ) ഖണ്ഡപ്രകാരം നിർവചിച്ച പ്രകാരമുള്ള ഒരു ഡിസൈൻ അല്ല

(2) ഈ വകുപ്പുപ്രകാരമുള്ള കൺട്രോളറുടെ ഏതെങ്കിലും ഉത്തരവിൽ നിന്നുള്ള ഒരു അപ്പീൽ ഹൈക്കോടതിയിൽ നിലനിൽക്കുന്നതും കൺട്രോളർക്ക്, ഏതു സമയത്തും അങ്ങനെയുള്ള ഏതെങ്കിലും ഹർജി ഹൈക്കോടതിക്ക് റഫർ ചെയ്യാവുന്നതും, അപ്രകാരം റഫർ ചെയ്യുന്ന ഏത് ഹർജിയും ഹൈക്കോടതി തീർപ്പു കൽപ്പിക്കേണ്ടതുമാകുന്നു.

20. *ഡിസൈനുകൾ സർക്കാരിനെ ബാധിക്കുമെന്ന്.*—ഒരു രജിസ്റ്റേഡ് ഡിസൈൻ, എല്ലാ ഉദ്ദേശ്യങ്ങൾക്കും ഏതെങ്കിലും ആൾക്ക് എപ്രകാരം എതിരായി പ്രഭാവം ഉണ്ടോ, അതേപോലെ സർക്കാരിനും എതിരായി ഉണ്ടായിരിക്കുന്നതും പേറ്റന്റ് ആക്റ്റ് (1970-ലെ 39)-ലെ അദ്ധ്യായം xvii-ലെ വ്യവസ്ഥകൾ അവ പേറ്റന്റുകൾക്ക് ബാധകമാകുന്നതുപോലെ രജിസ്റ്റേഡ് ഡിസൈനുകൾക്കും ബാധകമായിരിക്കുന്നതാണ്.

## അദ്ധ്യായം IV

## വ്യാവസായികവും അന്തർദേശീയവുമായ പ്രദർശനങ്ങൾ

21. *പ്രദർശനങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ.*—കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ വകുപ്പിലെ വ്യവസ്ഥകൾ വ്യാപിപ്പിച്ചിട്ടുള്ള വ്യാവസായികമോ അല്ലാത്തതോ ആയ ഒരു പ്രദർശനത്തിൽ, ഒരു ഡിസൈനിന്റെ അല്ലെങ്കിൽ ഒരു ഡിസൈൻ പ്രയോഗിച്ചിട്ടുള്ള ഏതെങ്കിലും സാധനത്തിന്റെ പ്രദർശനമോ അല്ലെങ്കിൽ പ്രദർശനം നടത്തുന്ന കാലയളവിലോ അതിനുശേഷമോ ഡിസൈനിന്റെ ഒരു വിവരണം പ്രസിദ്ധപ്പെടുത്തുന്നതോ അല്ലെങ്കിൽ പ്രദർശനം നടത്തുന്ന കാലയളവിലോ അതിനുശേഷമോ ഉടമസ്ഥന്റെ അറിവോ സമ്മതമോ കൂടാതെ മറ്റെവിടെയെങ്കിലും ഏതെങ്കിലും ആൾ മുഖേന ഡിസൈനിന്റെയോ സാധനത്തിന്റെയോ പ്രദർശനമോ ഡിസൈനിന്റെ ഒരു വിവരണത്തിന്റെ പ്രസിദ്ധപ്പെടുത്തലോ ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെടുന്നതിൽ നിന്നും തടയുകയോ അല്ലെങ്കിൽ അതിന്റെ രജിസ്ട്രേഷൻ അസാധുവാക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ —

(ക) ഡിസൈനോ സാധനമോ പ്രദർശിപ്പിക്കുന്നതോ അല്ലെങ്കിൽ ഡിസൈനിന്റെ ഒരു വിവരണം പ്രസിദ്ധപ്പെടുത്തുന്നതോ ആയ പ്രദർശകൻ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ കൺട്രോളർക്ക് മുൻകൂട്ടിയുള്ള നോട്ടീസ് നൽകുകയും;

(ഖ) രജിസർട്രേഷനുവേണ്ടിയുള്ള അപേക്ഷ, ഡിസൈനോ സാധനമോ ആദ്യം പ്രദർശിപ്പിക്കുന്ന അല്ലെങ്കിൽ ഡിസൈനിന്റെ ഒരു വിവരണം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ആറു മാസത്തിനുള്ളിൽ നൽകപ്പെടുകയും,

ചെയ്യേണ്ടതാണ്.

## അദ്ധ്യായം V

## നിയമ നടപടികൾ

22. ***രജിസ്റ്റേഡ് ഡിസൈനിന്റെ മോഷണം.***—(1) ഏതെങ്കിലും ഡിസൈനിന്റെ പകർപ്പവകാശം നില നിൽക്കുന്ന കാലം ഏതെങ്കിലും ആൾ—

(ക) രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥന്റെ ലൈസൻസോ ലിഖിതമായ സമ്മതമോ കൂടാതെ വില്പന യുടെ ആവശ്യത്തിലേക്കായി ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സാധനങ്ങളുടെ ഏതെങ്കിലും വിഭാഗത്തി ലുള്ള ഏതെങ്കിലും സാധനത്തിൽ ഡിസൈനോ അല്ലെങ്കിൽ അതിന്റെ വഞ്ചനാപരമോ അല്ലെങ്കിൽ സ്പഷ്ട മായ അനുകരണമോ പ്രയോഗിക്കുന്നതോ പ്രയോഗിപ്പിക്കപ്പെടുന്നതോ അല്ലെങ്കിൽ ഡിസൈൻ അപ്രകാരം പ്രയോഗിക്കപ്പെടുന്നതിന് സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ എന്തെങ്കിലും ചെയ്യുന്നതോ; അല്ലെങ്കിൽ

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥന്റെ സമ്മതം കൂടാതെ, ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വിഭാഗത്തിൽപ്പെടുന്നതും ഡിസൈനോ അല്ലെങ്കിൽ അതിന്റെ വഞ്ചനാപരമോ അല്ലെങ്കിൽ സ്പഷ്ടമായ അനുകരണമോ പ്രയോഗിക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും സാധനം വില്പനയുടെ ആവശ്യത്തിലേക്കായി ഇറക്കുമതി ചെയ്യുന്നത്; അല്ലെങ്കിൽ

(ഗ) രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥന്റെ സമ്മതം കൂടാതെ ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സാധ നങ്ങളുടെ ഏതെങ്കിലും വിഭാഗത്തിലുള്ള ഏതെങ്കിലും സാധനത്തിൽ ഡിസൈനോ അതിന്റെ വഞ്ചനാ പരമോ അല്ലെങ്കിൽ സ്പഷ്ടമായ ഏതെങ്കിലും അനുകരണമോ പ്രയോഗിക്കപ്പെട്ടിട്ടുള്ളത് അറിഞ്ഞുകൊണ്ട് ആ സാധനത്തിന്റെ വില്പനയ്ക്കായി പ്രസിദ്ധപ്പെടുത്തുകയോ പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ പ്രസിദ്ധപ്പെ ടുത്താനോ പ്രദർശിപ്പിക്കാനോ ഇടയാക്കുകയോ ചെയ്യുന്നത്,

നിയമാനുസൃതമായിരിക്കുന്നതല്ല.

(2) ഏതെങ്കിലും ആൾ ഈ വകുപ്പ് ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ, ഓരോ ലംഘന ത്തിനും, അയാൾ—

(ക) ഉടമ്പടിക്കടമായി വസൂലാക്കാവുന്ന ഇരുപത്തയ്യായിരം രൂപയിൽ കവിയാത്ത ഒരു തുക ഡിസൈനിന്റെ രജിസ്റ്റേഡ് ഉടമസ്ഥന് നൽകുന്നതിന്; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഏതെങ്കിലും ഉല്ലംഘനത്തിന്റെ നഷ്ടപരിഹാരം വസൂലാക്കുന്നതിന് വേണ്ടിയും അതിന്റെ ആവർത്തനത്തിനെതിരെ ഒരു ഇൻജങ്ഷനുവേണ്ടിയും ഒരു വ്യവഹാരം കൊണ്ടുവരാൻ ഉടമസ്ഥൻ ഇഷ്ടപ്പെടുന്നുവെങ്കിൽ, വിധിക്കപ്പെടാവുന്ന അങ്ങനെയുള്ള നഷ്ടപരിഹാരം നൽകുന്നതിനും അതനുസരി ച്ചുള്ള ഇൻജങ്ഷൻവഴി തടയുന്നതിനും,

ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ, (ക) ഖണ്ഡപ്രകാരം ഏതെങ്കിലും ഒരു ഡിസൈൻ സംബന്ധിച്ച് വസൂലാക്കാവുന്ന മൊത്തം തുക അമ്പതിനായിരം രൂപയിൽ കവിയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ഈ ഉപവകുപ്പുപ്രകാരം നിവൃത്തിക്കുവേണ്ടിയുള്ള യാതൊരു വ്യവഹാരമോ മറ്റേതെ ങ്കിലും നടപടിയോ ജില്ലാ ജഡ്ജിയുടെ കോടതിക്ക് താഴെയുള്ള ഏതെങ്കിലും കോടതിയിൽ ബോധിപ്പിക്കാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പുപ്രകാരം നിവൃത്തിക്ക് വേണ്ടിയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ അല്ലെങ്കിൽ മറ്റേതെങ്കിലും നടപടിയിൽ, 19-ാം വകുപ്പുപ്രകാരം ഒരു ഡിസൈനിന്റെ രജിസ്ട്രേഷൻ റദ്ദാക്കപ്പെടാവുന്ന ഓരോ കാരണവും പ്രതിവാദകാരണമായി ലഭ്യമാക്കിയിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പിലെ രണ്ടാം പരിമിതി വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 19-ാം വകുപ്പുപ്രകാരം ഒരു ഡിസൈനിന്റെ രജിസ്ട്രേഷൻ ഏത് കാരണത്തിൻമേലാണോ റദ്ദാക്കപ്പെടുന്നത് അതും, (2)-ാം ഉപവകുപ്പുപ്രകാരമുള്ള നിവൃത്തിക്കായി ഏതെങ്കിലും വ്യവഹാരത്തിലോ മറ്റ് നടപടിയിലോ (3)-ാം ഉപവകുപ്പും പ്രതിവാദത്തിന്റെ ഒരു കാരണമായി സ്വീകരിക്കുന്നിടത്ത്, വ്യവഹാരമോ അങ്ങനെയുള്ള മറ്റ് നടപടിയോ തീരുമാനത്തിനായി ഹൈക്കോടതിയിലേക്ക് മാറ്റേണ്ടതാണ്.

(5) (2)-ാം ഉപവകുപ്പുപ്രകാരം ഒരു വ്യവഹാരത്തിൽ കോടതി ഒരു ഡിക്രി പാസ്സാക്കുമ്പോൾ, ആ ഡിക്രിയുടെ ഒരു പകർപ്പ് കൺട്രോളർക്ക് അയയ്ക്കേണ്ടതും, അദ്ദേഹം അത് സംബന്ധിച്ച ഒരു ഉൾക്കുറിപ്പ് ഡിസൈനുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിക്കേണ്ടതുമാകുന്നു.

23. *പേറ്റന്റുകളെ സംബന്ധിക്കുന്ന ആക്റ്റിലെ ചില വ്യവസ്ഥകൾ ഡിസൈനുകൾക്ക് ബാധകമാക്കൽ.*—ഒരു പേറ്റന്റിന്റെ സാധുതാ സർട്ടിഫിക്കറ്റുകളും ഒരു പേറ്റന്റിയുടെ അവകാശി മുഖേനയുള്ള നിയമനടപടികളുടെ അടിസ്ഥാനരഹിതമായ ഭീഷണിപ്പെടുത്തലുകളുടെ സംഗതിയിൽ പരിഹാരവും സംബന്ധിച്ച് പേറ്റന്റുകൾ ആക്റ്റ്, 1970 (1970-ലെ 39)-ലെ വ്യവസ്ഥകൾ, ഒരു പേറ്റന്റിനുള്ള പരാമർശത്തിന് ഒരു ഡിസൈനിന്റെ പകർപ്പവകാശത്തിന്റെ പരാമർശങ്ങളും പേറ്റന്റിന്റെ അവകാശിയുടെ പരാമർശങ്ങൾക്ക് ഒരു ഡിസൈനിന്റെ ഉടമസ്ഥന്റെ പരാമർശങ്ങളും കണ്ടുപിടിത്തത്തിന്റെ പരാമർശങ്ങൾക്ക് ഡിസൈനിന്റെ പരാമർശങ്ങളും പകരം ചേർത്തുകൊണ്ട്, പേറ്റന്റുകളുടെ സംഗതിയിൽ അവ ബാധകമാകുന്ന അതേ രീതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഡിസൈനുകൾക്ക് ബാധകമാകുന്നതാണ്.

## അദ്ധ്യായം VI

## സാമാന്യം

### ഫീസ്

24. *ഫീസ്.*—(1) ഡിസൈനുകളുടെ രജിസ്ട്രേഷനും അതിനുവേണ്ടിയുള്ള അപേക്ഷകളും സംബന്ധിച്ചും ഈ ആക്റ്റ് പ്രകാരം ഡിസൈനുകളുമായി ബന്ധപ്പെട്ട് മറ്റ് സംഗതികൾ സംബന്ധിച്ചും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് നൽകേണ്ടതാണ്.

(2) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പ്രകാരം ഫീസ് നൽകേണ്ടത് സംബന്ധിച്ച ഒരു നടപടിക്ക് ഫീസ് നൽകാത്തപക്ഷം, യാതൊരു പ്രഭാവവുമുണ്ടായിരിക്കുന്നതല്ല.

### പേറ്റന്റ് ആഫീസിലെ രജിസ്റ്ററുകളും മറ്റ് രേഖകളും സംബന്ധിച്ച വ്യവസ്ഥകൾ

25. *ട്രസ്റ്റിന്റെ നോട്ടീസ് രജിസ്റ്ററുകളിൽ ചേർക്കേണ്ടതില്ലെന്ന്.*—പ്രകടമായതോ വ്യംഗ്യമായതോ സൃഷ്ടിപരമായതോ ആയ ഏതെങ്കിലും ട്രസ്റ്റിന്റെ ഏതെങ്കിലും നോട്ടീസ് ഈ ആക്റ്റ് പ്രകാരം സൂക്ഷിച്ചിട്ടുള്ള ഏതെങ്കിലും രജിസ്റ്ററിൽ ചേർക്കുകയോ കൺട്രോളർ സ്വീകരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

26. *രജിസ്റ്ററുകളുടെയും രജിസ്റ്ററിൽ നിന്നുള്ള എക്സ്ട്രാക്റ്റുകളുടെയും പരിശോധന.*—ഈ ആക്റ്റ് പ്രകാരം സൂക്ഷിച്ചിട്ടുള്ള ഓരോ രജിസ്റ്ററും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സൗകര്യപ്രദമായ എല്ലാ സമയങ്ങളിലും പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി പ്രാപ്യമാക്കേണ്ടതും; അങ്ങനെയുള്ള ഏതെങ്കിലും രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിർണ്ണയിക്കപ്പെട്ട ഫീസ് നൽകി അത് ആവശ്യപ്പെടുന്നതിൻമേൽ ഏതൊരാൾക്കും പേറ്റന്റ് ആഫീസിന്റെ മുദ്ര മുദ്രണം ചെയ്ത് നൽകേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള രജിസ്റ്റർ പൂർണ്ണമായോ ഭാഗികമായോ കമ്പ്യൂട്ടറിൽ വച്ചുപോരുന്നിടത്ത്, ഈ വകുപ്പുപ്രകാരം അങ്ങനെയുള്ള രജിസ്റ്ററിന്റെ പരിശോധന, കമ്പ്യൂട്ടറിൽ അപ്രകാരം വച്ചുപോരുന്ന രജിസ്റ്ററിന്റെ പ്രസക്ത ഉൾക്കുറിപ്പിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് പരിശോധിച്ച് നടത്തേണ്ടതാണ്.

27. *കൺട്രോളറുടെ റിപ്പോർട്ടുകളുടെ വിശേഷാവകാശം.*—45-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള റിപ്പോർട്ടല്ലാത്ത, ഈ ആക്റ്റ് പ്രകാരം കൺട്രോളർ നൽകിയിട്ടുള്ളതോ കൺട്രോളർക്ക് നൽകിയിട്ടുള്ളതോ ആയ റിപ്പോർട്ടുകൾ, യാതൊരു സംഗതിയിലും പ്രസിദ്ധപ്പെടുത്താനോ പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി പ്രാപ്യമാക്കാനോ പാടുള്ളതല്ല.

28. *അപേക്ഷ ഉപേക്ഷിക്കപ്പെടുക, മുതലായവ ചെയ്യുന്നിടത്ത്, വിനിർദ്ദേശീകരണം, രേഖാചിത്രീകരണങ്ങൾ മുതലായവയുടെ നിരോധനവും പ്രസിദ്ധപ്പെടുത്തലും.*—ഒരു ഡിസൈനുവേണ്ടിയുള്ള ഒരു അപേക്ഷ ഉപേക്ഷിക്കപ്പെടുകയോ നിരസിക്കപ്പെടുകയോ ചെയ്യുന്നിടത്ത്, അപേക്ഷയും അപേക്ഷയുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന ഏതെങ്കിലും രേഖാചിത്രീകരണങ്ങളോ ഫോട്ടോഗ്രാഫുകളോ ട്രെയിസിങ്ങുകളോ പ്രതിരൂപണങ്ങളോ മാതൃകകളോ യാതൊരു സമയത്തും പൊതുപരിശോധനയ്ക്കായി പ്രാപ്യമാക്കുകയോ അല്ലെങ്കിൽ കൺട്രോളർ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

29. ***കൈത്തെറ്റുകൾ തിരുത്തുന്നതിനുള്ള കൺട്രോളറുടെ അധികാരം.***—നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം ലിഖിതമായ അഭ്യർത്ഥനയിൻമേൽ, ഒരു ഡിസൈനിന്റെ പ്രതിരൂപണത്തിൽ അല്ലെങ്കിൽ ഏതെങ്കിലും ഡിസൈനിന്റെ ഉടമസ്ഥന്റെ പേരിലോ മേൽവിലാസത്തിലോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും സംഗതിയിലോ ഡിസൈനുകളുടെ രജിസ്റ്ററിൽ ചേർത്തിട്ടുള്ള ഏതെങ്കിലും കൈത്തെറ്റ്, കൺട്രോളർക്ക് തിരുത്താവുന്നതാണ്.

30. ***രജിസ്റ്ററുകളിൽ തീറും പ്രേക്ഷണങ്ങളും ചേർക്കൽ.***—(1) ഒരാൾ, തീറിനാലോ പ്രേക്ഷണത്താലോ നിയമത്തിന്റെ മറ്റ് പ്രവർത്തനത്താലോ ഒരു രജിസ്റ്റേഡ് ഡിസൈനിന്റെ പകർപ്പവകാശത്തിന് അവകാശിയായി ത്തീരുമ്പോൾ, അയാൾക്ക് അയാളുടെ അവകാശം രജിസ്റ്റർ ചെയ്യുന്നതിന് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു അപേക്ഷ കൺട്രോളർക്ക് സമർപ്പിക്കാവുന്നതും, കൺട്രോളർ, അങ്ങനെയുള്ള അപേക്ഷ സ്വീകരിക്കുന്നതിൻമേലും അവകാശത്തിന്റെ തെളിവ് ബോദ്ധ്യപ്പെടുത്തുന്നതിൻമേലും അയാളെ അങ്ങനെയുള്ള ഡിസൈനിന്റെ ഉടമസ്ഥ നായി രജിസ്റ്റർ ചെയ്യേണ്ടതും തീറിന്റെയോ പ്രേക്ഷണത്തിന്റെയോ അവകാശത്തെ ബാധിക്കുന്ന മറ്റ് പ്രമാണ ത്തിന്റെയോ രജിസ്റ്ററിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ ഒരു ഉൾക്കുറിപ്പ്, രേഖപ്പെടുത്തിക്കേണ്ടതുമാകുന്നു.

(2) ഒരു രജിസ്റ്റേഡ് ഡിസൈനിലുള്ള ഏതെങ്കിലും അവകാശത്തിൽ ഏതെങ്കിലും ആൾ കൈവശ പ്പണയക്കാരനായോ ലൈസൻസുകാരനായോ മറ്റ് വിധത്തിലോ അവകാശിയായിത്തീരുമ്പോൾ, അയാൾക്ക്, അയാളുടെ അവകാശം രജിസ്റ്റർ ചെയ്യുന്നതിന്, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു അപേക്ഷ കൺട്രോളർക്ക് സമർപ്പിക്കാവുന്നതും, കൺട്രോളർ, അങ്ങനെയുള്ള അപേക്ഷ സ്വീകരിക്കുന്നതിന്മേലും അവകാശത്തിന്റെ തെളിവ് ബോദ്ധ്യപ്പെടുത്തുന്നതിന്മേലും നിർണ്ണയിക്കപ്പെട്ട രീതിയിൽ അങ്ങനെയുള്ള അവകാശം സൃഷ്ടിക്കുന്ന പ്രമാണത്തിന്റെ വിവരങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അവയോടുകൂടി, അവകാശത്തിന്റെ അറിയിപ്പ് ഡിസൈനുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിന്റെയോ (2)-ാം ഉപവകുപ്പിന്റെയോ ആവശ്യങ്ങൾക്കായി, ഒരു ഡിസൈനിന്റെ ഒരു തീറോ ഒരു ഡിസൈനിന്റെ ഒരു ഓഹരിയോ ഒരു ഡിസൈനിന്റെ കൈവശപ്പണയമോ ലൈസൻസോ അല്ലെങ്കിൽ മറ്റേതെങ്കിലും അവകാശത്തിന്റെ സൃഷ്ടിയോ, അവ ലിഖിതം ആയിരിക്കുകയും, ബന്ധപ്പെട്ട കക്ഷികൾ തമ്മിലുള്ള കരാർ അവരുടെ അവകാശങ്ങളെയും ബാദ്ധ്യതയെയും നിയന്ത്രിക്കുന്ന എല്ലാ നിബന്ധനകളും ഉപാധികളും ചേർന്ന ഒരു പ്രമാണ രൂപത്തിലാക്കുകയും അങ്ങനെയുള്ള പ്രമാണ പ്രകാരം അവകാശത്തിന്റെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷ നിർണ്ണയിക്കപ്പെട്ട രീതിയിൽ, പ്രമാണം ഒപ്പിട്ട് പൂർത്തീകരിച്ചതു മുതൽ ആറ് മാസത്തിനുള്ളിലോ നിർണ്ണയിക്കപ്പെട്ട രീതിയിൽ നല്കിയ അപേക്ഷയിന്മേൽ കൺട്രോളർ അനുവദി ക്കുന്ന മൊത്തം ആറു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള അധിക കാലയളവിനുള്ളിലോ, കൺട്രോളർക്ക് സമർപ്പിക്കുകയും ചെയ്യാത്തപക്ഷം, സാധുവായിരിക്കുന്നതല്ല:

എന്നാൽ, പ്രമാണത്തിന്, (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം അതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി, അതിന്മേൽ അത് ഒപ്പിട്ട് പൂർത്തീകരിച്ച തീയതി മുതൽ പ്രഭാവം ഉണ്ടായിരിക്കു ന്നതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും രജിസ്റ്ററിൽ നിന്ന് കാണപ്പെടുന്ന മറ്റേതെങ്കിലും ആളിൽ നിക്ഷിപ്തമാകേണ്ട ഏതെങ്കിലും അവകാശങ്ങൾക്കും വിധേയമായി, ഒരു ഡിസൈനിന്റെ ഉടമസ്ഥനായി രജിസ്റ്റർ ചെയ്യപ്പെട്ട ആൾക്ക്, ഡിസൈൻ തീറു നൽകുന്നതിനും അതു സംബന്ധിച്ച ലൈസൻസുകൾ നൽകുന്ന തിനും അല്ലെങ്കിൽ ഡിസൈൻ മറ്റു വിധത്തിൽ കൈകാര്യം ചെയ്യുന്നതിനും അങ്ങനെയുള്ള ഏതെങ്കിലും തീറിനോ ലൈസൻസിനോ കൈകാര്യം ചെയ്യലിനോ വേണ്ടിയുള്ള ഏതെങ്കിലും പ്രതിഫലത്തിനുവേണ്ടി ഫലപ്രദമായ രസീതുകൾ നൽകുന്നതിനും പൂർണ്ണമായ അധികാരം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഡിസൈൻ സംബന്ധിച്ച് ഏതെങ്കിലും ഇക്വിറ്റികൾ മറ്റേതെങ്കിലും ജംഗമ വസ്തു സംബന്ധിച്ച തെന്നപോലെ അതേ രീതിയിൽ നടപ്പാക്കാവുന്നതാണ്.

(5) 31-ാം വകുപ്പുപ്രകാരം നൽകപ്പെട്ട ഒരു അപേക്ഷയുടെ കാര്യത്തിലൊഴികെ, (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്കനുസൃതമായി രജിസ്റ്ററിൽ ഏത് രേഖയോ പ്രമാണമോ സംബന്ധിച്ചാണോ യാതൊരു ഉൾക്കുറിപ്പും രേഖപ്പെടുത്തിയിട്ടില്ലാത്തത്, ആ രേഖയോ പ്രമാണമോ കോടതി ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ മറ്റ് വിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, ഒരു ഡിസൈനിന്റെ പകർപ്പവകാശ ത്തിലോ അല്ലെങ്കിൽ അതിലുള്ള ഏതെങ്കിലും അവകാശത്തിലോ ഉള്ള അവകാശം ഏതെങ്കിലും കോടതിയിൽ തെളിവായി സ്വീകരിക്കപ്പെടുവാൻ പാടുള്ളതല്ല.

31. ***രജിസ്റ്ററിലെ തിരുത്തൽ.***—(1) കൺട്രോളർക്ക്, ഏതെങ്കിലും ഉൾക്കുറിപ്പ് ഡിസൈനുകളുടെ രജിസ്റ്ററിൽ ചേർക്കാത്തതിനാലോ അതിൽ നിന്ന് വിട്ടുകളഞ്ഞതിനാലോ മതിയായ കാരണം കൂടാതെ അങ്ങനെയുള്ള രജിസ്റ്ററിൽ ഏതെങ്കിലും ഉൾക്കുറിപ്പ് ചേർത്തതിനാലോ അല്ലെങ്കിൽ ഏതെങ്കിലും ഉൾക്കുറിപ്പ് അങ്ങനെയുള്ള രജിസ്റ്ററിൽ തെററായി നിലനിൽക്കുന്നതിനാലോ അങ്ങനെയുള്ള രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിലെ ഒരു തെറ്റാലോ ന്യൂനതയാലോ സങ്കടമനുഭവിക്കുന്ന ഏതൊരാളുടെയും നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള അപേക്ഷയിൻമേൽ, അങ്ങനെയുള്ള ഉൾക്കുറിപ്പ് ചേർക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ മാറ്റം വരുത്തുന്നതിനോ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതനുസരിച്ച് രജിസ്റ്റർ തിരുത്താവുന്നതുമാണ്.

(2) ഈ വകുപ്പുപ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ ഒരു രജിസ്റ്ററിലെ തിരുത്തലുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിന് ആവശ്യമോ ഉചിതമോ ആയ ഏതെങ്കിലും പ്രശ്നം കൺട്രോളർക്ക് തീരുമാനിക്കാവുന്നതാണ്.

(3) ഈ വകുപ്പുപ്രകാരമുള്ള കൺട്രോളറുടെ ഉത്തരവിൽനിന്നും ഒരു അപ്പീൽ ഹൈക്കോടതിയിൽ നിലനിൽക്കുന്നതും, കൺട്രോളർക്ക്, ഈ വകുപ്പുപ്രകാരം ഏതെങ്കിലും അപേക്ഷ തീർപ്പാക്കുന്നതിനുവേണ്ടി ഹൈക്കോടതിക്ക് റഫർ ചെയ്യാവുന്നതും, അപ്രകാരം റഫർ ചെയ്ത ഏതെങ്കിലും അപേക്ഷ ഹൈക്കോടതി തീർപ്പാക്കേണ്ടതുമാണ്.

(4) ഒരു രജിസ്റ്റർ തിരുത്തുന്നതിനുള്ള കോടതിയുടെ ഏതെങ്കിലും ഉത്തരവിൽ തിരുത്തൽ നോട്ടീസ് നിർണ്ണയിക്കപ്പെട്ട രീതിയിൽ കൺട്രോളർക്ക് നൽകണമെന്ന് നിർദ്ദേശിക്കേണ്ടതും, അങ്ങനെയുള്ള നോട്ടീസ് സ്വീകരിക്കുന്നതിൻമേൽ, അതനുസരിച്ച് അദ്ദേഹം രജിസ്റ്റർ തിരുത്തേണ്ടതുമാണ്.

(5) ഈ വകുപ്പിലെ യാതൊന്നും 19-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതുപോലെ ഒരു ഡിസൈനിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്ന അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കൺട്രോളറെ അധികാരപ്പെടുത്തുന്നതായി കരുതാൻ പാടുള്ളതല്ല.

## അദ്ധ്യായം VII

## കൺട്രോളറുടെ അധികാരങ്ങളും കർത്തവ്യങ്ങളും

32. ***ആക്റ്റ് പ്രകാരമുള്ള നടപടികളിൽ കൺട്രോളറുടെ അധികാരങ്ങൾ.***—ഇതിലേക്കായി ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, കൺട്രോളർക്ക്, ഈ ആക്റ്റ് പ്രകാരം അദ്ദേഹത്തിന്റെ മുമ്പാകെയുള്ള ഏതെങ്കിലും നടപടികളിൽ തെളിവ് സ്വീകരിക്കുന്നതിനും ശപഥം ചെയ്യിക്കുന്നതിനും സാക്ഷികളെ ഹാജരാക്കുന്നതിനും രേഖകളുടെ വെളിപ്പെടുത്തലിനും ഹാജരാക്കലിനും നിർബന്ധിക്കുന്നതിനും സാക്ഷികളെ വിസ്തരിക്കുന്നതിന് കമ്മീഷനുകളെ നിയമിക്കുന്നതിനും ചെലവുകൾ വിധിക്കുന്നതിനുമുള്ള ആവശ്യത്തിലേക്കായി ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള വിധി അധികാരിതയുള്ള ഏതെങ്കിലും കോടതിയിൽ, ആ കോടതിയുടെ ഒരു ഡിക്രി ആയിരുന്നാലെന്നപോലെ നടപ്പാക്കാവുന്നതും ആണ്.

33. ***കൺട്രോളറുടെ വിവേചനാധികാരത്തിന്റെ വിനിയോഗം.***—ഈ ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ ഏതെങ്കിലും വിവേചനാധികാരം കൺട്രോളർക്ക് നൽകിയിട്ടുള്ളിടത്ത്, അദ്ദേഹം, ഒരു ഡിസൈനിന്റെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകന്, കേൾക്കപ്പെടുവാൻ ഒരവസരം നൽകാതെ (അപേക്ഷകൻ നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ അപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ) അപേക്ഷകന് പ്രതികൂലമായി അധികാരം വിനിയോഗിക്കാൻ പാടുള്ളതല്ല.

34. ***കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കൺട്രോളർക്കുള്ള അധികാരം.***—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളുടെ ഭരണനിർവഹണത്തിൽ ഉത്ഭവിക്കുന്ന സംശയത്തിന്റെയോ വിഷമതയുടെയോ സംഗതിയിൽ, കൺട്രോളർക്ക് അക്കാര്യത്തിൽ നിർദ്ദേശങ്ങൾക്കുവേണ്ടി കേന്ദ്രസർക്കാരിനോട് അപേക്ഷിക്കാവുന്നതാണ്.

35. ***ചില സംഗതികളിൽ ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യുന്നത് നിരസിക്കൽ.***—(1) കൺട്രോളർക്ക്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഏത് ഡിസൈനിന്റെ ഉപയോഗമാണ് പൊതുക്രമസമാധാനത്തിനോ സദാചാരത്തിനോ വിരുദ്ധമാകാവുന്നത്, ആ ഡിസൈൻ രജിസ്റ്റർ ചെയ്യുന്നത് നിരസിക്കാവുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം കൺട്രോളറുടെ ഒരു ഉത്തരവിൽ നിന്നും ഒരു അപ്പീൽ ഹൈക്കോടതിയിൽ നിലനിൽക്കുന്നതാണ്.

36. ***ഹൈക്കോടതിയിലേക്കുള്ള അപ്പീലുകൾ.***—(1) ഈ ആക്റ്റ് പ്രകാരം കൺട്രോളറിൽ നിന്നും ഹൈക്കോടതിയിൽ ഒരു അപ്പീൽ നിലനിൽക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളിടത്ത്, കൺട്രോളർ ഉത്തരവ് പാസ്സാക്കിയ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ അപ്പീൽ നൽകേണ്ടതാണ്.

(2) പ്രസ്തുത മൂന്ന് മാസക്കാലയളവ് കണക്കാക്കുന്നതിൽ ഏത് ഉത്തരവിനെതിരായാണോ അപ്പീൽ നൽകുന്നത്, ആ ഉത്തരവിന്റെ ഒരു പകർപ്പ് നൽകുന്നതിന് എടുക്കുന്ന സമയം (ഏതെങ്കിലും ഉണ്ടെങ്കിൽ) ഒഴിവാക്കേണ്ടതാണ്.

(3) ഹൈക്കോടതിക്ക്, അതിന് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള അപ്പീലുകൾ തീർപ്പാക്കുന്നതിൽ ഒരു വിദഗ്ദ്ധന്റെ സഹായം നേടാവുന്നതും ഹൈക്കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) ഹൈക്കോടതിക്ക്, ഈ ആക്റ്റ് പ്രകാരം അതിനുമുമ്പാകെയുള്ള എല്ലാ നടപടികളുടെയും നടത്തിപ്പും നടപടിക്രമവും സംബന്ധിച്ച് ഈ ആക്റ്റിന് സംഗതമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

## അദ്ധ്യായം VIII

## തെളിവ്, മുതലായവ

37. ***കൺട്രോളർ മുമ്പാകെ തെളിവ്.***—44-ാം വകുപ്പുപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഈ ആക്റ്റ് പ്രകാരം കൺട്രോളറുടെ മുമ്പാകെയുള്ള ഏതെങ്കിലും നടപടിയിൽ, കൺട്രോളറുടെ വിപരീതമായ നിർദ്ദേശങ്ങളുടെ അഭാവത്തിൽ, സത്യവാങ്മൂലം വഴി തെളിവ് നൽകേണ്ടതാണ്; എന്നാൽ ഏതെങ്കിലും സംഗതിയിൽ അപ്രകാരം ചെയ്യുന്നത് ഉചിതമാണെന്ന് കൺട്രോളർക്ക് തോന്നുന്ന ഏതെങ്കിലും സംഗതിയിൽ അദ്ദേഹത്തിന് സത്യവാങ്മൂലം വഴിയുള്ള തെളിവിന് പകരമായോ കൂടുതലായോ വാക്കാലുള്ള തെളിവെടുക്കാവുന്നതോ ഏതെങ്കിലും കക്ഷിയെ, അയാളുടെ സത്യവാങ്മൂലത്തിന്റെ ഉള്ളടക്കം സംബന്ധിച്ച്, എതിർവിസ്താരം ചെയ്യപ്പെടുന്നതിന് അനുവദിക്കാവുന്നതോ ആകുന്നു.

38. ***കൺട്രോളറുടെ സർട്ടിഫിക്കറ്റ് തെളിവ് ആയിരിക്കുമെന്ന്.***—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളാലോ രേഖപ്പെടുത്തുന്നതിനോ ചെയ്യുന്നതിനോ കൺട്രോളർക്ക് അധികാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉൾക്കുറിപ്പിനെയോ, സംഗതിയെയോ, കാര്യത്തെയോ സംബന്ധിച്ച അദ്ദേഹത്തിന്റെ കൈയൊപ്പോടുകൂടിയതാണെന്ന് കരുതപ്പെടാവുന്ന ഒരു സർട്ടിഫിക്കറ്റ്, രേഖപ്പെടുത്തിയിട്ടുള്ള ഉൾക്കുറിപ്പിന്റെയും അതിന്റെ ഉള്ളടക്കത്തിന്റെയും, ചെയ്യപ്പെട്ടിട്ടുള്ളതോ ചെയ്യാതെ വിട്ടുകളയപ്പെടുന്നതോ ആയ സംഗതിയുടെയോ കാര്യത്തിന്റെയോ, പ്രഥമദൃഷ്ട്യാ തെളിവ് ആയിരിക്കുന്നതാണ്.

39. ***പേറ്റന്റ് ആഫീസിലെ രേഖകളുടെ തെളിവ്.***—കൺട്രോളർ സാക്ഷ്യപ്പെടുത്തിയതെന്ന് കരുതാവുന്നതും പേറ്റന്റ് ആഫീസിന്റെ മുദ്രവച്ചതുമായ, പേറ്റന്റ് ആഫീസിലെ രേഖകളുടെയും അവിടെ സൂക്ഷിക്കപ്പെട്ടിട്ടുള്ള രജിസ്റ്ററുകളുടെയും മറ്റ് ബുക്കുകളുടെയും അല്ലെങ്കിൽ എക്സ്ട്രാക്റ്റുകളോ ഭാരതത്തിലെ എല്ലാ കോടതികളിലും എല്ലാ നടപടികളിലും കൂടുതലായ തെളിവോ അസ്സലുകളുടെ ഹാജരാക്കലോ കൂടാതെ തെളിവായി സ്വീകരിക്കപ്പെടേണ്ടതാണ്:

എന്നാൽ, ഒരു കോടതിക്ക്, തെളിവായി നൽകിയിട്ടുള്ള പകർപ്പുകളുടെ കൃത്യതയിലോ പ്രാമാണീകതയിലോ അതിന് സംശയത്തിന് കാരണമുണ്ടെങ്കിൽ, അസ്സലുകളുടെ ഹാജരാക്കലോ അതിന് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള കൂടുതൽ തെളിവുകളോ ആവശ്യപ്പെടാവുന്നതാണ്.

40. ***തപാൽമാർഗ്ഗമുള്ള നോട്ടീസുകളും അപേക്ഷകളും.***—ഈ ആക്റ്റ് പ്രകാരം പേറ്റന്റ് ആഫീസർക്കോ കൺട്രോളർക്കോ മറ്റ് ഏതെങ്കിലും ആൾക്കോ വിട്ടുകൊടുക്കേണ്ടതിനോ നൽകേണ്ടതിനോ കൊടുക്കേണ്ടതിനോ അധികാരപ്പെടുത്തുന്നതോ ആവശ്യപ്പെടുന്നതോ ആയ ഏതെങ്കിലും അപേക്ഷയോ നോട്ടീസോ മറ്റ് രേഖയോ തപാൽ മാർഗ്ഗം അയയ്ക്കാവുന്നതാണ്.

41. ***ശിശു, ചിത്തഭ്രമമുള്ള ആൾ മുതലായവരുടെ പ്രഖ്യാപനം.***—(1) ഈ ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ ആവശ്യപ്പെട്ടിട്ടുള്ളതോ അനുവദിക്കപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും പ്രസ്താവന നടത്തുന്നതിനോ എന്തെങ്കിലും ചെയ്യുന്നതിനോ ശൈശവമോ ചിത്തഭ്രമമോ മറ്റ് വൈകല്യമോ കാരണത്താൽ ഏതെങ്കിലും ആൾക്ക് കഴിയുന്നില്ലെങ്കിൽ, വൈകല്യത്തിന് വിധേയനായ ആളുടെ നിയമാനുസൃത രക്ഷാകർത്താവിനോ കമ്മിറ്റിക്കോ മാനേജർക്കോ (ഏതെങ്കിലും ഉണ്ടെങ്കിൽ) അഥവാ ആരുമില്ലെങ്കിൽ അയാളുടെ വസ്തു സംബന്ധിച്ച് അധികാരിതയുള്ള ഏതെങ്കിലും കോടതിയാൽ നിയമിക്കപ്പെട്ട ഏതെങ്കിലും ആൾക്കോ അങ്ങനെയുള്ള പ്രസ്താവനയോ, സാഹചര്യങ്ങൾ അനുവദിക്കുന്നിടത്തോളം അതിന് അടുത്തുവരുന്ന സദൃശമായ ഒരു പ്രസ്താവനയോ നടത്താവുന്നതും വൈകല്യത്തിന് വിധേയമായ ആ ആളുടെ പേരിലും ആ ആൾക്കു വേണ്ടിയും അങ്ങനെയുള്ള കാര്യം ചെയ്യാവുന്നതുമാണ്.

(2) വൈകല്യത്തിനു വിധേയമായ ആൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആളുടെയോ, പ്രസ്താവന നടത്തുന്നതിലോ കാര്യം ചെയ്യുന്നതിലോ താൽപ്പര്യമുള്ള മറ്റ് ഏതെങ്കിലും ആളുടെയോ ഹർജിയിൻമേൽ ഈ വകുപ്പിന്റെ ആവശ്യങ്ങളിലേക്കായി കോടതിക്ക് ഒരു നിയമനം നടത്താവുന്നതാണ്.

42. ***ചില നിയന്ത്രിത ഉപാധികൾ ഒഴിവാക്കൽ.***—(1) നിയമാനുസൃതമായി—

(i) ഏത് സാധനം സംബന്ധിച്ചാണോ ഒരു ഡിസൈൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്, ആ സാധനത്തിന്റെ വിൽപ്പനയ്ക്കോ പാട്ടത്തിനോ അല്ലെങ്കിൽ വിൽപ്പനയോ പാട്ടമോ സംബന്ധിച്ച ഏതെങ്കിലും ഉടമ്പടിയിൽ; അല്ലെങ്കിൽ

(ii) ഏത് സാധനം സംബന്ധിച്ചാണോ ഒരു ഡിസൈൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്, ആ സാധനം നിർമ്മിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ ഉള്ള ഒരു ലൈസൻസിലോ; അല്ലെങ്കിൽ

(iii) ഏത് സാധനം സംബന്ധിച്ചാണോ ഒരു ഡിസൈൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്, ആ സാധനം പാക്കേജ് ചെയ്യുന്നതിനുള്ള ഒരു ലൈസൻസിലോ,

ഉൾക്കൊള്ളിക്കാൻ പാടില്ലാത്ത ഉപാധിയും, അതിന്റെ പ്രഭാവത്തിൽ—

(ക) ഏത് സാധനം സംബന്ധിച്ചാണോ ഒരു ഡിസൈൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്, അതല്ലാത്ത ഏതെങ്കിലും സാധനം വിൽപ്പനക്കാരനിൽ നിന്നോ പാട്ടം കൊടുത്ത ആളിൽ നിന്നോ ലൈസൻസ് കൊടുത്ത ആളിൽ നിന്നോ അയാളുടെ നോമിനികളിൽ നിന്നോ ആർജ്ജിക്കുന്നതിന് വാങ്ങുന്ന ആളോടോ പാട്ടക്കാരനോടോ ലൈസൻസുള്ള ആളോടോ ആവശ്യപ്പെടുന്നതിനോ അല്ലെങ്കിൽ ആർജ്ജിക്കുന്നതിൽ നിന്നും അയാളെ നിരോധിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആളിൽ നിന്ന് ആർജ്ജിക്കുന്നതിനുള്ള അയാളുടെ അവകാശം ഏതു രീതിയിലും ഏതു പരിധിവരെയും നിയന്ത്രിക്കുന്നതിനോ വിൽപ്പനക്കാരനിൽനിന്നോ പാട്ടം കൊടുത്ത ആളിൽ നിന്നോ ലൈസൻസ് കൊടുത്ത ആളിൽ നിന്നോ അയാളുടെ നോമിനികളിൽ നിന്നോ അല്ലാതെ ആർജ്ജിക്കുന്നതിന് അയാളെ നിരോധിക്കുകയോ; അല്ലെങ്കിൽ

(ഖ) വിൽപ്പനക്കാരനാലോ പാട്ടം കൊടുത്ത ആളാലോ ലൈസൻസ് കൊടുത്ത ആളാലോ അയാളുടെ നോമിനിയാലോ വിതരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഏത് സാധനം സംബന്ധിച്ചാണോ ഒരു ഡിസൈൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്, ആ സാധനം അല്ലാത്ത സാധനം ഉപയോഗിക്കുന്നതിൽ നിന്നോ വാങ്ങുന്ന ആളിന്റെയോ പാട്ടക്കാരന്റെയോ ലൈസൻസുള്ള ആളിന്റെയോ അവകാശം നിരോധിക്കുകയോ ഏതു രീതിയിലും ഏതു പരിധിവരെയും നിയന്ത്രിക്കുന്നതിനോ അല്ലെങ്കിൽ ഉപയോഗിക്കുന്നതിൽ നിന്നും വാങ്ങുന്ന ആളേയോ പാട്ടക്കാരനെയോ ലൈസൻസുള്ള ആളെയോ നിരോധിക്കുകയോ; ചെയ്യുന്ന ഫലം ഉളവാക്കുന്ന ഉപാധി ചേർക്കുന്നത് നിയമാനുസൃതമല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും ഉപാധി അസാധുവായിരിക്കുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പരാമർശിച്ച സ്വഭാവത്തിലുള്ള ഒരു ഉപാധി, ഏത് സാധനം സംബന്ധിച്ചാണോ ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്, ആ സാധനത്തിന്റെ വിൽപ്പനയുമായോ പാട്ടവുമായോ ലൈസൻസുമായോ ബന്ധപ്പെട്ട ഉടമ്പടിക്ക് മുമ്പോ പിമ്പോ ആയാലും അത് അടങ്ങിയിരിക്കുന്ന കരാർ പ്രത്യേകമായി ഉൾപ്പെടുത്തിയതാണെന്ന കാരണത്താൽ മാത്രം, ആ ഉപവകുപ്പിൽപ്പെടുന്ന ഒരു ഉപാധി, അല്ലാതായിത്തീരുന്നതല്ല.

(3) 22-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ടുള്ള ഏതെങ്കിലും പ്രവൃത്തിക്ക് ഏതെങ്കിലും ആൾക്ക് എതിരെയുള്ള നടപടിയിൽ, അങ്ങനെയുള്ള ഉല്ലംഘന സമയത്ത് രജിസ്റ്റേഡ് ഡിസൈൻ സംബന്ധിച്ചതും ഈ വകുപ്പു പ്രകാരം നിയമവിരുദ്ധമെന്ന് പ്രഖ്യാപിക്കപ്പെട്ട ഒരു ഉപാധി അടങ്ങിയതുമായ ഒരു ഉടമ്പടി നിലവിലുണ്ടായിരുന്നുവെന്ന് തെളിയിക്കുന്നത് ഒരു പ്രതിവാദം ആയിരിക്കുന്നതാണ്:

എന്നാൽ, വാദി കോൺട്രാക്റ്റിലെ ഒരു കക്ഷിയല്ലെങ്കിലും അയാളുടെ കോൺട്രാക്റ്റിൽ നിയന്ത്രിത ഉപാധി പ്രകടമോ വ്യംഗ്യമോ ആയ അറിവോടും സമ്മതത്തോടും കൂടാതെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് കോടതിക്ക് ബോദ്ധ്യമാകുംവിധം തെളിയിക്കുകയാണെങ്കിൽ, ഈ വകുപ്പ് ബാധകമാകുന്നതല്ല.

(4) ഈ വകുപ്പിലെ യാതൊന്നും—

(ക) ഒരു പ്രത്യേക ആളിന്റേതല്ലാത്ത സാധനങ്ങൾ വിൽക്കുന്നതിൽ നിന്ന് ഒരാളെ നിരോധിക്കുന്ന ഒരു ഉടമ്പടിയിലെ ഒരു ഉപാധിയെ ബാധിക്കുന്നതല്ല;

(ഖ) ഈ വകുപ്പ് ഇല്ലായിരുന്നുവെങ്കിൽ അസാധുവാകുമായിരുന്ന ഒരു ഉടമ്പടിയെ സാധൂകരിക്കുന്നതല്ല;

(ഗ) ഏത് സാധനം സംബന്ധിച്ചാണോ ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്, ആ സാധനത്തിന്റെ പാട്ടത്തിനോ ലൈസൻസിനോ അതുപയോഗിക്കുന്നതിനുള്ള ഒരു ഉടമ്പടിയിലെ, ഏത് സാധനം സംബന്ധിച്ചാണോ ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്, ആ സാധനത്തിന്റെ അങ്ങനെയുള്ള പുതിയ ഭാഗങ്ങൾ ആവശ്യപ്പെടുന്ന പ്രകാരം വിതരണം ചെയ്യുന്നതിനോ അല്ലെങ്കിൽ അത് നന്നാക്കുന്നതിന് കൊടുക്കുന്നതിനോ സൂക്ഷിക്കാനോ ഉള്ള അവകാശം പാട്ടക്കാരനോ ലൈസൻസ് കൊടുക്കുന്ന ആളോ സ്വയം അല്ലെങ്കിൽ അയാളുടെ നോമിനിയോ വച്ചുപോരുന്ന ഒരു ഉപാധിയെ ബാധിക്കുന്നതല്ല.

(5) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് ഉണ്ടാക്കപ്പെട്ട ഉടമ്പടികൾക്ക്, ഈ വകുപ്പു പ്രകാരം നിയമവിരുദ്ധമെന്ന് പ്രഖ്യാപിക്കപ്പെട്ട ഏതെങ്കിലും നിയന്ത്രിത ഉപാധികൾ അങ്ങനെയുള്ള പ്രാരംഭം മുതൽ ഒരു വർഷം അവസാനിച്ചശേഷം, പ്രാബല്യത്തിൽ തുടരുകയാണെങ്കിലും, തുടരുന്നിടത്തോളവും, ഈ വകുപ്പിലെ വ്യവസ്ഥകൂടി ബാധകമാകുന്നതാണ്.

## അദ്ധ്യായം IX

## ഏജൻസി

43. ***ഏജൻസി.***—(1) ഈ ആക്റ്റ് പ്രകാരം കൺട്രോളർക്കുള്ള എല്ലാ അപേക്ഷകളും അറിയിപ്പുകളും കൺട്രോളർക്കുള്ള എല്ലാ ഹാജരാക്കലുകളും ഒരു അഭിഭാഷകനാലോ അഭിഭാഷകൻ മുഖാന്തരമോ അല്ലെങ്കിൽ പേറ്റന്റുകൾ ആക്റ്റ്, 1970 (1970-ലെ 39)-ലെ 125-ാം വകുപ്പുപ്രകാരം വച്ചുപോരുന്ന പേറ്റന്റ് ഏജന്റുമാരുടെ രജിസ്റ്ററിൽ പേരും വിലാസവും രേഖപ്പെടുത്തിയിട്ടുള്ള ഒരു ഏജന്റിനാലോ ഏജന്റ് മുഖാന്തരമോ കൺട്രോളർക്ക് സമർപ്പിക്കാവുന്നതാണ്.

(2) കൺട്രോളർക്ക്, അദ്ദേഹത്തിന് യുക്തമെന്ന് കാണുന്നപക്ഷം—

(ക) അങ്ങനെയുള്ള ഏതെങ്കിലും ഏജന്റ് ഭാരതത്തിൽ താമസക്കാരനായിരിക്കണമെന്ന്;

(ഖ) ഭാരതത്തിൽ താമസക്കാരനല്ലാത്ത ഏതെങ്കിലും ആൾക്ക് ഭാരതത്തിൽ താമസിക്കുന്ന ഒരു ഏജന്റിനെ നിയോഗിക്കുന്നതിന്;

(ഗ) ഏതെങ്കിലും അപേക്ഷകന്റെയോ മറ്റ് ആളുടെയോ സ്വന്തം ഒപ്പോ സാന്നിദ്ധ്യമോ,

ആവശ്യപ്പെടാവുന്നതാണ്.

## അദ്ധ്യായം X

## കേന്ദ്രസർക്കാരിന്റെ അധികാരങ്ങൾ, മുതലായവ

44. ***യുണൈറ്റഡ് കിംഗ്ഡവുമായും മറ്റ് ഉടമ്പടി രാഷ്ട്രങ്ങളോ രാഷ്ട്രസമൂഹമോ അന്തർ-സർക്കാർ സംഘടനകളോ എന്നിവയുമായും ഉള്ള പരസ്പര ക്രമീകരണം.***—(1) യുണൈറ്റഡ് കിംഗ്ഡത്തിലോ മറ്റേതെങ്കിലും ഉടമ്പടി രാഷ്ട്രങ്ങളിലോ രാഷ്ട്ര സമൂഹത്തിലോ അന്തർ-സർക്കാർ സംഘടനകളിലെ അംഗങ്ങ

ളായിരിക്കുന്ന രാഷ്ട്രങ്ങളിലോ ഏതെങ്കിലും ഡിസൈനിന്റെ സംരക്ഷണത്തിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും ആൾക്കോ അയാളുടെ നിയമാനുസൃത പ്രതിനിധിക്കോ തീറുകാരനോ ഒറ്റയ്ക്കോ മറ്റേതെങ്കിലും ആളുമായി കൂട്ടായോ, ഈ ആക്റ്റ് പ്രകാരമുള്ള പ്രസ്തുത ഡിസൈനിന്റെ രജിസ്ട്രേഷന് മറ്റ് അപേക്ഷകരെക്കാൾ മുൻഗണന ഉണ്ടായിരിക്കുമെന്നും, അതത്സംഗതിപോലെ, യുണൈറ്റഡ് കിംഗ്ഡത്തിലോ അങ്ങനെയുള്ള മറ്റേതെങ്കിലും ഉടമ്പടി രാഷ്ട്രങ്ങളിലെയോ രാഷ്ട്രസമൂഹത്തിലെയോ അന്തർ-സർക്കാർ സംഘടനകളിലെ അംഗങ്ങളായിരിക്കുന്ന രാഷ്ട്രങ്ങളിലെയോ അപേക്ഷാ തീയതിയുടെ അതേ തീയതി ഉണ്ടായിരിക്കുമെന്നും അവകാശപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ—

(ക) അപേക്ഷ, അതത്സംഗതിപോലെ, യുണൈറ്റഡ് കിംഗ്ഡത്തിലോ അങ്ങനെയുള്ള മറ്റേതെങ്കിലും ഉടമ്പടി രാഷ്ട്രങ്ങളിലോ രാഷ്ട്രസമൂഹത്തിലോ അന്തർ-സർക്കാർ സംഘടനകളിലെ അംഗങ്ങളായിരിക്കുന്ന രാഷ്ട്രങ്ങളിലോ സംരക്ഷണത്തിനുവേണ്ടിയുള്ള അപേക്ഷാ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതും;

(ഖ) ഈ വകുപ്പിലെ യാതൊന്നും, ഭാരതത്തിൽ ഡിസൈൻ രജിസ്റ്റർ ചെയ്തിട്ടുള്ള യഥാർത്ഥ തീയതിക്ക് മുമ്പ് സംഭവിക്കുന്ന ഡിസൈനിന്റെ മോഷണത്തിന് നഷ്ടപരിഹാരം വസൂലാക്കുന്നതിന് ഡിസൈനിന്റെ ഉടമസ്ഥനെ അർഹനാക്കുന്നതല്ലാത്തതും,

ആകുന്നു.

(2) ഈ വകുപ്പിൽ ഏത് കാലയളവിനുള്ളിലാണ് അപേക്ഷ സമർപ്പിക്കപ്പെടാവുന്നതായി വിനിർദ്ദേശിച്ചിട്ടുള്ളത്, ആ കാലയളവിൽ ഭാരതത്തിൽ ഡിസൈനിന്റെ പ്രദർശിപ്പിക്കലിന്റെയോ ഉപയോഗത്തിന്റെയോ വിവരണത്തിന്റെ പ്രസിദ്ധപ്പെടുത്തലിന്റെയോ പ്രതിരൂപണത്തിന്റെയോ കാരണത്താൽ മാത്രം ഒരു ഡിസൈനിന്റെ രജിസ്ട്രേഷൻ അസാധുവാക്കാൻ പാടുള്ളതല്ല.

(3) ഈ വകുപ്പുപ്രകാരം ഒരു ഡിസൈൻ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള അപേക്ഷ, ഈ ആക്റ്റ് പ്രകാരം ഒരു സാധാരണ അപേക്ഷപോലെ അതേ രീതിയിൽ സമർപ്പിക്കപ്പെടേണ്ടതാണ്.

(4) യുണൈറ്റഡ് കിംഗ്ഡത്തിന്റെയോ അങ്ങനെയുള്ള മറ്റേതെങ്കിലും ഉടമ്പടി രാഷ്ട്രത്തിന്റെയോ ഇതിലേക്കായി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന ഏതെങ്കിലും രാഷ്ട്രസമൂഹത്തിലെയോ അന്തർ-സർക്കാർ സംഘടനയിലെയോ അംഗമായിരിക്കുന്ന ഒരു രാഷ്ട്രത്തിന്റെയോ നിയമനിർമ്മാണ മണ്ഡലം ഭാരതത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡിസൈനുകളുടെ സംരക്ഷണത്തിനായി തൃപ്തികരമായ വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ടെന്ന് കേന്ദ്രസർക്കാരിന് തോന്നാൻ ഇടയാക്കിയിട്ടുണ്ടെങ്കിൽ, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, അങ്ങനെയുള്ള വിജ്ഞാപനത്തിൽ കാണിക്കുന്ന പ്രകാരമുള്ള വ്യത്യാസങ്ങളോടോ കൂട്ടിച്ചേർക്കലുകളോടോ കൂടി, എന്തെങ്കിലുമുണ്ടെങ്കിൽ, ഈ വകുപ്പിലെ വ്യവസ്ഥകൾ അതത്സംഗതിപോലെ, യുണൈറ്റഡ് കിംഗ്ഡത്തിലോ, ആ മറ്റ് ഉടമ്പടി രാഷ്ട്രത്തിലോ അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രസമൂഹത്തിലോ അന്തർ-സംസ്ഥാന സംഘടനയിലോ അംഗമായിരിക്കുന്ന അങ്ങനെയുള്ള രാഷ്ട്രത്തിലോ രജിസ്റ്റർ ചെയ്തിട്ടുള്ള ഡിസൈനിന്റെ സംരക്ഷണത്തിന് ബാധകമാകുമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

*വിശദീകരണം 1.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "ഉടമ്പടി രാഷ്ട്രങ്ങൾ", "രാഷ്ട്രസമൂഹം" അല്ലെങ്കിൽ "അന്തർ-സർക്കാർ സംഘടന" എന്നീ പദപ്രയോഗത്തിന്, യഥാക്രമം ലോകവ്യാപാര സംഘടനയുടെ സ്ഥാപിക്കൽ വ്യവസ്ഥ ചെയ്യുന്ന 1967-ൽ സ്റ്റോക്ക്ഹോമിൽ വച്ച് പുതുക്കിയ പ്രകാരവും 1979-ൽ ഭേദഗതി ചെയ്ത പ്രകാരമുള്ള 1883-ലെ വ്യാവസായിക വസ്തു സംരക്ഷണത്തിനുള്ള പാരീസ് ഉടമ്പടിയിലോ ഉറുഗ്വേയ് റൗണ്ട് ഓഫ് മൾട്ടി ലാറ്ററൽ ട്രേഡ് നെഗോഷിയേഷന്റെ ഫലങ്ങൾ ഉൾക്കൊള്ളുന്ന അന്തിമ ആക്റ്റ് ബാധകമാകുന്ന അങ്ങനെയുള്ള രാഷ്ട്രങ്ങൾ, രാഷ്ട്രസമൂഹം അല്ലെങ്കിൽ അന്തർ-സർക്കാർ സംഘടന എന്നർത്ഥമുണ്ടായിരിക്കുന്നതാണ്.

*വിശദീകരണം 2.*—(1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട സംരക്ഷണത്തിനുവേണ്ടി ഒന്നിലധികം അപേക്ഷകൾ അതുപോലുള്ള സംരക്ഷണത്തിനുവേണ്ടി യുണൈറ്റഡ് കിംഗ്ഡത്തിലോ ഒന്നോ അതിലധികമോ ഉടമ്പടി രാഷ്ട്രങ്ങളിലോ രാഷ്ട്രസമൂഹത്തിലോ അന്തർ-സർക്കാർ സംഘടനകളിലെ അംഗരാഷ്ട്രങ്ങളിലോ സമർപ്പിക്കപ്പെടുകയാണെങ്കിൽ, ആ ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ആറ് മാസക്കാലയളവ്, അതത്സംഗതിപോലെ, അങ്ങനെയുള്ള അപേക്ഷകൾ നേരത്തെ അല്ലെങ്കിൽ ഏറ്റവും നേരത്തെ സമർപ്പിക്കപ്പെട്ട തീയതി മുതൽ കണക്കാക്കേണ്ടതാണ്.

45. ***കൺട്രോളറുടെ റിപ്പോർട്ട് പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.***—കേന്ദ്രസർക്കാർ, കൺട്രോളറാലോ കൺട്രോളർക്ക് കീഴിലോ ഉള്ളതായ ഈ ആക്റ്റിന്റെ നിർവഹണം സംബന്ധിച്ച, ഒരു റിപ്പോർട്ട് വർഷത്തിലൊരിക്കൽ പാർലമെന്റിന്റെ ഇരുസഭകളുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

46. ***ഭാരതത്തിന്റെ സുരക്ഷിതത്വ സംരക്ഷണം.***—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൺട്രോളർ—

(ക) ഭാരതത്തിന്റെ സുരക്ഷിതത്വ താൽപ്പര്യത്തിന് ദോഷകരമാണെന്ന് അദ്ദേഹം കരുതുന്ന, ഒരു ഡിസൈനിന്റെ രജിസ്ട്രേഷനെ സംബന്ധിക്കുന്ന ഏതെങ്കിലും വിവരമോ ഈ ആക്റ്റ് പ്രകാരമുള്ള ഒരു ഡിസൈനിന്റെ രജിസ്ട്രേഷനെ സംബന്ധിക്കുന്ന ഏതെങ്കിലും അപേക്ഷയോ, വെളിപ്പെടുത്താൻ പാടില്ലാത്തതും;

(ഖ) ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട അങ്ങനെയുള്ള ഡിസൈനുകളുടെ രജിസ്ട്രേഷന്റെ റദ്ദാക്കൽ സംബന്ധിച്ച് ഭാരതത്തിന്റെ സുരക്ഷിതത്വ താൽപ്പര്യത്തിൽ കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, വിനിർദ്ദേശിക്കുന്ന ഏതെങ്കിലും നടപടി എടുക്കേണ്ടതുമാകുന്നു.

***വിശദീകരണം.***—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "ഭാരതത്തിന്റെ സുരക്ഷിതത്വം" എന്ന പദപ്രയോഗത്തിന് യുദ്ധത്തിൽ ഉപയോഗിക്കുന്നതോ സൈനിക സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കോ അന്തർദ്ദേശീയ ബന്ധങ്ങളിലെ മറ്റ് അടിയന്തരാവസ്ഥയുടെയോ ആവശ്യങ്ങൾക്കോ നേരിട്ടോ നേരിട്ടല്ലാതെയോ പ്രയോഗിക്കുന്നതോ ആയ ഏതെങ്കിലും സാധനത്തിൽ ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും ഡിസൈനിന്റെ പ്രയോഗവുമായി ബന്ധപ്പെട്ട ഭാരതത്തിന്റെ സുരക്ഷിതത്വത്തിന് ആവശ്യമായ ഏതെങ്കിലും നടപടി എന്നർത്ഥമാകുന്നു.

47. ***ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം.***—(1) കേന്ദ്രസർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഡിസൈനിന്റെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയുടെ ഫാറവും പേറ്റന്റ് ആഫീസിൽ അത് നല്കേണ്ട രീതിയും അതോടൊപ്പം ഉണ്ടായിരിക്കേണ്ട ഫീസും;

(ഖ) 5-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ഏത് സമയത്തിനുള്ളിലാണ് രജിസ്ട്രേഷൻ നടത്തേണ്ടതെന്ന്;

(ഗ) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രജിസ്ട്രേഷനുവേണ്ടിയുള്ള സാധനങ്ങളുടെ തരംതിരിക്കൽ;

(ഘ) 7-ാം വകുപ്പുപ്രകാരം പ്രസിദ്ധപ്പെടുത്തേണ്ട ഡിസൈനിന്റെ വിവരങ്ങളും അവയുടെ പ്രസിദ്ധപ്പെടുത്തൽ രീതിയും;

(ങ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അവകാശവാദം നടത്തുന്നതിനുള്ള രീതി;

(ച) 8-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം കൺട്രോളർക്ക് അപേക്ഷകൾ നല്കുന്നതിനുള്ള രീതി;

(ഛ) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഡിസൈനുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ആവശ്യമായ കൂടുതൽ സംഗതികളും അങ്ങനെയുള്ള രജിസ്റ്റർ കംപ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്ക്കറ്റുകളിലോ വച്ചുപോരുന്നതിന് ഏർപ്പെടുത്തേണ്ട പരിരക്ഷകളും;

(ജ) 11-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അപേക്ഷ നൽകുന്നതിന്റെയും പകർപ്പവകാശത്തിന്റെ കാലയളവ് നീട്ടുന്നതിന് ഫീസ് നൽകേണ്ടതിന്റെയും രീതിയും അതിലേക്ക് നൽകേണ്ട ഫീസും;

(ഝ) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഡിസൈനിന്റെ വീണ്ടെടുക്കലിനുള്ള അപേക്ഷ നൽകുന്നതിന്റെ രീതിയും അതോടൊപ്പം നൽകേണ്ട ഫീസും;

(ഞ) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷയിൽ ഉൾക്കൊള്ളുന്ന പ്രസ്താവനയുടെ സത്യബോധ്യപ്പെടുത്തലിന്റെ രീതി;

(ട) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഡിസൈനിന്റെ രജിസ്ട്രേഷന്റെ പുനഃസ്ഥാപിക്കലിനുവേണ്ടി നൽകേണ്ട അധിക ഫീസ്;

(ഠ) ഏത് വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് രജിസ്റ്റേഡ് ഉടമസ്ഥന്റെ അധികാരം 14-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ആയിരിക്കുന്നത്, ആ വ്യവസ്ഥകൾ;

(ഡ) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം കൺട്രോളർക്ക് നൽകേണ്ട ഡിസൈനിന്റെ കൃത്യമായ പ്രതിരൂപത്തിന്റെയോ മാതൃകയുടെയോ എണ്ണം;

(ഢ) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം ഡിസൈൻ രജിസ്റ്റർ ചെയ്യപ്പെട്ടതായി സൂചിപ്പിക്കുന്നതിന് സാധനത്തിൽ അടയാളപ്പെടുത്തേണ്ട അടയാളമോ വാക്കുകളോ അക്കങ്ങളോ;

(ണ) സാധനങ്ങളുടെ വിഭാഗമോ ഏതെങ്കിലും വിവരണമോ സംബന്ധിച്ച് ഒഴിവാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള ചട്ടങ്ങളും 15-ാം വകുപ്പിലെ അടയാളപ്പെടുത്തൽ സംബന്ധിച്ച് ആ വകുപ്പിലെ (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഏതെങ്കിലും ആവശ്യങ്ങളും;

(ത) 17-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പരിശോധനയ്ക്ക് നൽകേണ്ട ഫീസും പരിശോധനയുടെ രീതിയും;

(ഥ) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും ഡിസൈനിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് നേടുന്നതിന് നൽകേണ്ട ഫീസ്;

(ദ) 18-ാം വകുപ്പുപ്രകാരം കൺട്രോളറുടെ അറിയിപ്പിന് നൽകേണ്ട ഫീസ്;

(ധ) 21-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥയിലെ (ക) ഖണ്ഡപ്രകാരം കൺട്രോളർക്ക് നോട്ടീസ് നൽകുന്നതിനുള്ള ഫാറം;

(ന) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഡിസൈനുകളുടെ രജിസ്ട്രേഷനും അതിനുവേണ്ടിയുള്ള അപേക്ഷയും സംബന്ധിച്ചും ഡിസൈനുകളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ സംബന്ധിച്ചും നൽകേണ്ട ഫീസും;

(പ) 26-ാം വകുപ്പുപ്രകാരം രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്നതിന് ഒടുക്കേണ്ട ഫീസ്;

(ഫ) 29-ാം വകുപ്പുപ്രകാരം ഏതെങ്കിലും കൈത്തെറ്റ് തിരുത്തുന്നതിന് ലിഖിതമായ അഭ്യർത്ഥനയോടൊപ്പം ഉണ്ടായിരിക്കേണ്ട ഫീസ്;

(ബ) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഉടമസ്ഥനായി രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി ഏതു ഫാറത്തിൽ അപേക്ഷിക്കണമെന്നും തീറിന്റെയോ പ്രേക്ഷണത്തിന്റെയോ മറ്റു പ്രമാണത്തിന്റെയോ അവകാശത്തെ ബാധിക്കുന്ന രജിസ്റ്ററിൽ കൺട്രോളർ ഒരു ഉൾക്കുറിപ്പ് രേഖപ്പെടുത്തിക്കേണ്ട രീതിയും;

(ഭ) 30-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം ഉടമാവകാശത്തിനുവേണ്ടിയുള്ള അപേക്ഷ ഏത് ഫാറത്തിലാണ് നൽകേണ്ടതെന്നും അങ്ങനെയുള്ള അവകാശം സൃഷ്ടിക്കുന്ന പ്രമാണത്തിന്റെ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവയോടുകൂടി, ഡിസൈനുകളുടെ രജിസ്റ്ററിൽ കൺട്രോളർ അവകാശത്തിന്റെ അറിയിപ്പ് രേഖപ്പെടുത്തിക്കേണ്ട രീതിയും;

(മ) 30-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന രജിസ്ട്രേഷനുവേണ്ടിയുള്ള ഒരു അപേക്ഷ ഫയൽ ചെയ്യുന്നതിന്റെയും സമയം നീട്ടുന്നതിനുംവേണ്ടി അപേക്ഷ നൽകുന്നതിന്റെയും രീതി;

(യ) 31-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രജിസ്റ്റർ ശരിയാക്കലിനുവേണ്ടി കൺട്രോളർക്ക് അപേക്ഷ നൽകുന്ന രീതി;

(യക) 31-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം കൺട്രോളർക്ക് ശരിയാക്കലിനുള്ള നോട്ടീസ് നൽകേണ്ട രീതി;

(യഖ) 32-ാം വകുപ്പുപ്രകാരം കൺട്രോളർക്ക് മുമ്പാകെയുള്ള നടപടികൾ ക്രമീകരിക്കുന്ന ചട്ടങ്ങൾ;

(യഗ) 33-ാം വകുപ്പുപ്രകാരം അപേക്ഷകരെ കേൾക്കുന്നതിന് കൺട്രോളർ അനുവദിക്കേണ്ട സമയം

(യഘ) 36-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീലിനോടൊപ്പം ഉണ്ടായിരിക്കേണ്ട ഫീസ്;

(യങ) ആവശ്യമെന്ന് നിർദ്ദേശിക്കപ്പെടുന്നതോ നിർദ്ദേശിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

(3) ഈ വകുപ്പുപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം, മുൻ പ്രസിദ്ധീകരണത്തിനുശേഷം ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലെ ഉപാധികൾക്ക് വിധേയമായിരിക്കേണ്ടതാണ്.

(4) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിൽ കൂടുതലോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പത് ദിവസ ക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തു ന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യു ന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതത്സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ആക്റ്റിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരി ക്കേണ്ടതാണ്.

## അദ്ധ്യായം XI

## റദ്ദാക്കലും ഒഴിവാക്കലും

48. *റദ്ദാക്കലും ഒഴിവാക്കലും.*—(1) ഡിസൈനുകൾ ആക്റ്റ്, 1911 (1911-ലെ 2) ഇതിനാൽ റദ്ദാക്കപ്പെട്ടി രിക്കുന്നു.

(2) റദ്ദാക്കലുകൾ സംബന്ധിച്ച് സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10)-ൽ അടങ്ങി യിരിക്കുന്ന വ്യവസ്ഥകൾക്ക് ഭംഗം വരാതെ ഡിസൈനുകൾ ആക്റ്റ്, 1911 (1911-ലെ 2)-ൻകീഴിൽ ഉണ്ടാക്കിയി ട്ടുള്ളതോ പുറപ്പെടുവിച്ചിട്ടുള്ളതോ നൽകിയിട്ടുള്ളതോ അല്ലെങ്കിൽ ചെയ്തിട്ടുള്ളതോ ആയ ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും വിജ്ഞാപനമോ, ചട്ടമോ, ഉത്തരവോ, ആവശ്യകതയോ, രജി സ്ട്രേഷനോ, സർട്ടിഫിക്കറ്റോ, നോട്ടീസോ, തീരുമാനമോ, തീർപ്പാക്കലോ, നിർദ്ദേശമോ, അംഗീകാരമോ, അധി കാരപ്പെടുത്തലോ, സമ്മതമോ, അപേക്ഷയോ, അഭ്യർത്ഥനയോ, കാര്യമോ പ്രാബല്യത്തിൽ തുടരുന്നതും ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾക്കു കീഴിൽ ഉണ്ടാക്കിയിട്ടുള്ളതോ, പുറപ്പെടുവിച്ചിട്ടുള്ളതോ, നൽകിയി ട്ടുള്ളതോ അല്ലെങ്കിൽ ചെയ്തിട്ടുള്ളതോ എന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ ഡിസൈനുകളുടെ രജിസ്ട്രേഷനു വേണ്ടി നിലവിലിരിക്കുന്ന എല്ലാ അപേക്ഷകൾക്കും അതിൻമേൽ അനന്തരഫലമായുണ്ടാകുന്ന ഏതെങ്കിലും നടപടികൾക്കും അതിന് അനുസൃതമായി നൽകപ്പെട്ട ഏതെങ്കിലും രജിസ്ട്രേഷനും ബാധകമാകുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ ഏതെങ്കിലും കോട തിയിൽ നിലവിലിരിക്കുന്ന ഏതെങ്കിലും നടപടി ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലാതിരുന്നാൽ എന്നപോലെ ആ കോടതിയിൽ തുടരാവുന്നതാണ്.

(5) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് രജിസ്റ്റർ ചെയ്ത ഡിസൈനുകളിലെ പകർപ്പവകാശം അവസാനിക്കുന്ന തീയതി, ഈ ആക്റ്റിലെ വ്യവസ്ഥ കൾക്ക് വിധേയമായി, അത് രജിസ്റ്റർ ചെയ്യപ്പെട്ട അഞ്ചുവർഷക്കാലയളവ് കഴിഞ്ഞ ഉടനെയുള്ള തീയതിയോ ആദ്യത്തെ കാലയളവ് അവസാനിച്ചതുമുതൽ രണ്ടാമതൊരു കാലയളവിലേക്ക് പകർപ്പവകാശത്തിന്റെ കാലയളവ് നീട്ടിയ അഞ്ച് വർഷക്കാലയളവ് കഴിഞ്ഞ ഉടനെയുള്ള തീയതിയോ ആയിരിക്കുന്നതാണ്.

# THE DESIGNS ACT, 2000

## (ACT NO. 16 OF 2000)

## ഡിസൈനുകൾ ആക്റ്റ്, 2000

## (2000-ലെ 16-ാം നമ്പർ ആക്റ്റ്)

### GLOSSARY

| | | | | |
|---|---|---|---|---|
| 1. | Configuration | .. | സ്വരൂപം | Sn. 2(d) |
| 2. | Expunge | .. | നീക്കം ചെയ്യുക | Sn. 31 |
| 3. | Feature | .. | വിശേഷ ലക്ഷണം | Sn. 2(d) |
| 4. | Piracy | .. | മോഷണം | Sn. 22 |
| 5. | Specimens | .. | മാതൃകകൾ | Sn. 28 |